

അടുത്ത ദിവസം യേശു തന്റെ
അടുത്തേക്കു വരുന്നതു കണ്ട് അവൻ പറഞ്ഞു:
ഇതാ, ലോകത്തിന്റെ പാപം നീക്കുന്ന
ദൈവത്തിന്റെ കുഞ്ഞാട്
യോഹന്നാൻ 1 : 29



# ടച്ച് മീ

TOUCH ME

ഫെബ്രുവരി 2023

59 Years of togetherness

10-02-2023

# Dr. T.R. Louis & Rosily



Thalakkottoor House
Guruvayur Road
Kunnamkulam

# ടച്ച് മീ

TOUCH ME

**പാരിഷ് ബുള്ളറ്റിൻ**

പുസ്തകം : 15 – 2023 ഫെബ്രുവരി – ലക്കം : 6

സെന്റ്. സെബാസ്റ്റ്യൻസ് കാത്തലിക് ചർച്ച്,
കുന്നംകുളം 680 503
മറ്റം ഫെറോന – തൃശ്ശൂർ അതിരൂപത
kunnamkulamch@adtcr.org
www.touchmekkm.in

ESTD : 1747






## എഡിറ്റോറിയൽ ബോർഡ്


<u>ചീഫ് എഡിറ്റർ</u>
**ഫാ. ദാവീദ് വിതയത്തിൽ**
70120 43479

<u>എഡിറ്റർ</u>
**ജോണി ബെഷോ**
93493 79009

<u>സബ്ബ് എഡിറ്റേഴ്സ്</u>
**സിസ്റ്റർ ഗീതിമരിയ** CMC
94958 55603

**M.K. ദേവസ്സി**
94953 28758

**ജോൺസൺ പാവു**
94476 54230

<u>സെക്രട്ടറി, ഇടവക PRO</u>
**V.C. ജോസി**
98470 17297
E-mail : vcjosy@gmail.com

<u>ട്രഷറർ</u>
**M.L. സുനിൽ**
98464 34411

<u>അംഗങ്ങൾ</u>
ഡോ. പോൾ C. റാഫേൽ 94467 22050
ജോയ്സി തോംസൺ തച്ചിൽ 81295 34205
ബിന്ദു രാജു 98478 31110
ആനന്ദി സുനിൽ 94958 55053

<u>കൈക്കാരന്മാർ</u>
**എൻ.ജെ. ജെയ്മോൻ** 88489 29956
**കെ.ജെ. ജെയ്സൺ** 99476 59286
**ജോസ് കിരൺ** 85476 68766


## താളുകൾ മറിയ്ക്കുമ്പോൾ


| | |
|---|---|
| എഡിറ്റോറിയൽ | 2 |
| ഇടയമൊഴി | 3 |
| വിശ്വാസപരിശീലനം | 4 |
| സഭാ വാർത്തകൾ | 5 |
| പിതാവായ ദൈവം | 7 |
| ഇടവകദിനം | 9 |
| വാക്സിനുകളെ ഭയപ്പെടണോ? | 11 |
| കുട്ടികളിലെ ആസ്ത്മ | 13 |
| കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ | 16 |
| ഓർമ്മിക്കേണ്ട ദിനങ്ങൾ | 17 |
| ബൈബിളിലൂടെ | 18 |
| പുസ്തക പരിചയം | 19 |
| നന്ദി | 20 |
| അറ്റസ്റ്റേഷൻ | 25 |
| ഇടവക തിരുനാൾ | 28 |
| നിറംകൊടുക്കാമോ | 29 |
| ചിത്രശാല | 30 |
| അടിക്കുറിപ്പ് മത്സരം | 31 |


## വിശുദ്ധ കുർബാന

**ഞായർ 6.00 am & 9.00 am**
**സാധാരണ ദിവസം 6.30 am**

## എഡിറ്റോറിയൽ...

"ആകാശവും ഭൂമിയും കടന്നുപോകും. എന്നാൽ എന്റെ വചനങ്ങൾ കടന്നുപോകുകയില്ല"

പ്രസിദ്ധ ഗ്രന്ഥകർത്താവായ ആലെയിൻ ദെ കോക്സ് ഇപ്രകാരം എഴുതി "ലോകചരിത്രം പെൻസിൽകൊണ്ടേ എഴുതാനാവൂ. പലപ്പോഴും അത് മായ്ച്ച് മാറ്റി എഴുതേണ്ടിവരും. കാരണം അസത്യങ്ങളും അർദ്ധസത്യങ്ങളും ചരിത്ര രേഖകളായി വരാം. എന്നാൽ ക്രിസ്തുവിന്റെ വചനം മഷികൊണ്ടല്ല തങ്കലിപികളാൽ ആലേഖനം ചെയ്യാം. കാരണം അവയ്ക്കൊരിക്കലും മാറ്റം വരികയില്ല. അവ മായ്ച്ച് എഴുതേണ്ടിവരികയില്ല. വള്ളിപുള്ളി വ്യത്യാസവും വരില്ല.

ക്രിസ്തുവിന്റെ ഓരോ വചനവും ഇന്ന് യാഥാർത്ഥ്യമായികൊണ്ടിരിക്കുകയാണ്. "നിങ്ങൾ ശിശുക്കളെപ്പോലെയാകുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യം ലഭിക്കയില്ല" യെന്നു യേശു പറഞ്ഞുവെച്ചിട്ടുണ്ട്. ഇന്ന് കുട്ടികൾക്കുപോലും നിഷ്ക്കളങ്കഹൃദയം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഭാര്യയും ഭർത്താവും, അച്ഛനും മക്കളും എന്ന ബന്ധങ്ങളൊക്കെ നമ്മുടെ കുടുംബത്തിൽനിന്നും എന്നോ പോയ്മറഞ്ഞു. പകരം സ്മാർട്ട് ഫോണുകൾക്കാണ് വീട്ടിൽ സ്ഥാനം. ക്രിസ്തുവിന്റെ ഏകനിയമം സ്നേഹത്തിന്റെ നിയമമാണ്. ദൈവത്തെ സ്നേഹിക്കൂ, എന്നിട്ട് നിങ്ങൾക്കിഷ്ടമുള്ളത് ചെയ്തുകൊള്ളൂ" എന്ന ആഗസ്തിനോസിന്റെ വാക്കുകൾ എത്രയോ അർത്ഥവത്താണ്. ജോഷിമഠിലെ കെട്ടിടങ്ങൾ പൊളിച്ചുനീക്കാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. പ്രളയവും ഭൂമിയുടെ ഇടിഞ്ഞുതാഴലും ഫാദർ മെൽവിൻ അബ്രഹാം എന്ന യുവവൈദികന് കണ്ടുനിൽക്കാനായില്ല. ദുരിതമനുഭവിക്കുന്ന അവിടുത്തെ ജനങ്ങൾക്ക് ഭക്ഷ്യവസ്തുക്കൾ എത്തിച്ച് തിരിച്ചുവരുമ്പോൾ മരണമടഞ്ഞു. ഇങ്ങനെ യേശുവിന്റെ നിയമം കാത്തുസൂക്ഷിക്കുവാൻ ദൈവം പ്രത്യേകം തെരെഞ്ഞെടുക്കപ്പെട്ടവരാണ് നാമോരോരുത്തരും എന്ന കാര്യം മറക്കരുത്. ആഘോഷങ്ങളും ഉത്സവങ്ങളും നാം നന്നായിത്തന്നെ ആഘോഷിക്കുമ്പോൾ, ഒരു ജനത മറുഭാഗത്ത് വേദനിക്കുന്നുവെന്ന കാര്യം മറക്കരുത്. നരബലിയുടെ കൊടുംക്രൂരതകൾ അഴിഞ്ഞാടുമ്പോൾ, ഹോട്ടലുകളിൽ മനുഷ്യമാംസം പാകം ചെയ്യപ്പെടുമ്പോൾ നഷ്ടമാകുന്നത് മനുഷ്യന്റെ പൈശാചിക മുഖമാണെന്ന കാര്യം മറക്കരുത്. ദൈവത്തിലുള്ള ആഴമായ വിശ്വാസവും പരസ്പര സ്നേഹവും ഭൂമിയിൽനിന്നു നീക്കം ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്.

ഭൂമി മുഴുവൻ ഇടിഞ്ഞുതാണ് മനുഷ്യവംശം ഇല്ലാതാകാൻ അധികസമയം വേണ്ട എന്ന കാര്യം ഓർക്കാം. പാപങ്ങളെക്കുറിച്ച് പശ്ചാത്തപിച്ച് വലിയ നോമ്പിലേക്ക് നമുക്ക് പ്രവേശിക്കാം.

അടുത്തുവരുന്ന അമ്പതുനോമ്പിന്റെ വിശുദ്ധ ദിനങ്ങൾ ത്യാഗത്തോടെ ആഘോഷിക്കാം.

ടച്ച് മീ
TOUCH ME
*എഡിറ്റോറിയൽ ബോർഡ്*

# ഇടയമൊഴി



## ദനഹ

ഇവനെന്റെ പ്രിയ പുത്രൻ
ഇവനിൽ ഞാൻ സംപ്രീതനായിരിയ്ക്കുന്നു...
ജോർദാൻ നദിയിൽ മുഴങ്ങികേട്ട സ്വർഗ്ഗീയസ്വരം...
കാലിതൊഴുത്തിൽ പിറന്നവൻ,
ഈ പ്രപഞ്ചത്തിന്റെ നാഥനെന്ന്
ലോകം തിരിച്ചറിഞ്ഞ നിമിഷം...
പ്രവാചക വഴിയിൽ കത്തിജ്ജ്വലിച്ച...
പുരോഹിതനായ സഖറിയായുടെ മകൻ,
മഹാതാപസൻ... സ്നാപക യോഹന്നാൻ,
ദൈവപുത്രനായ യേശുവിന്റെ മുമ്പിൽ
എളിമയോടെ ജോർദാൻ നദിയിലെ,
ചേറോളം താഴ്ന്ന് നിന്നവൻ...
മാംസം ധരിച്ച വചനത്തെ
ഏറ്റുപറയുകയായിരുന്നു...
ഇതാ, ലോകത്തിന്റെ പാപം നീക്കുന്ന
ദൈവത്തിന്റെ കുഞ്ഞാട്
വെളിപ്പെടുത്തലിന്റെ ഈ ദനഹതിരുനാൾ
നമ്മുടെ ജീവിതത്തെ ധന്യമാക്കട്ടെ!
ദൈവമക്കളായി വളരാൻ
നമ്മെ സഹായിക്കട്ടെ

*സസ്നേഹം*
**ദാവീദച്ചൻ**






പി. എ. ലില്ലി
(പ്രിൻസിപ്പാൾ)

## വിശ്വാസ പരിശീലനം

പ്രിയ കുഞ്ഞുങ്ങളെ,

എല്ലാവർക്കും സുഖമെന്നു കരുതുന്നു. വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ ഏവരും ഭക്തിവിശ്വാസങ്ങളോടെ ആഘോഷിച്ചുവല്ലോ. ഇനി ഉത്സവാഘോഷങ്ങൾക്ക് തല്ക്കാലത്തേക്ക് നമുക്ക് ചെറിയൊരു ഇടവേള നൽകാം. പരീക്ഷാക്കാലം തുടങ്ങുകയാണ്. അതിന്റെ ആരംഭം കുറിയ്ക്കുന്നത് വിശ്വാസ പരിശീലന പരീക്ഷയിലൂടെയാണ്. ഫെബ്രുവരി മാസത്തിൽ വാർഷിക പരീക്ഷകൾ ഉണ്ടെന്ന് നിങ്ങൾക്കറിയാമല്ലോ. 12-ാം തിയ്യതി 10, 12, ACC എന്നീ ക്ലാസ്സുകൾക്കും, 19-ാം തിയ്യതി 1, 3, 5, 7, 9, 11 എന്നീ ക്ലാസ്സുകൾക്കും, 26-ാം തിയ്യതി 2, 4, 6, 8 എന്നീ ക്ലാസ്സുകൾക്കുമാണ് പരീക്ഷ. പാഠഭാഗങ്ങൾ ഇതിനകം പഠിപ്പിച്ചു കഴിഞ്ഞിരിക്കും. പഠിക്കേണ്ട നമസ്കാരങ്ങളും അധ്യാപകർ പറഞ്ഞുതന്നിട്ടുണ്ടായിരിക്കും. ഇനിയുള്ളത് നിങ്ങളാണ് ചെയ്യേണ്ടത്. നന്നായി പഠിക്കുക. ദൈവഭയം ജ്ഞാനത്തിന്റെ ആരംഭം എന്ന വചനം അനുസ്മരിച്ച് ഈശ്വരചിന്തയോടെ പഠിക്കുക. നമുക്ക് തീർച്ചയായും വിജയിക്കാൻ സാധിക്കും. എല്ലാവർക്കും ദൈവാനുഗ്രഹം ഉണ്ടാകട്ടെ.

സ്നേഹത്തോടെ
ലില്ലിടീച്ചർ

### വാർഷിക പരീക്ഷ - സമയക്രമം

| | | | |
|---|---|---|---|
| 2023 | **ഫെബ്രുവരി** 12 | 2pm - 4 pm | Std. X, XII |
| 2023 | **ഫെബ്രുവരി** 12 | 2pm - 5 pm | ACC |
| 2023 | **ഫെബ്രുവരി** 19 | 2pm - 4 pm | Std. I, III, V, VII, IX, XI |
| 2023 | **ഫെബ്രുവരി** 26 | 2pm - 4 pm | Std. II, IV, VI, VIII |




**1. യുദ്ധത്തിൽ മക്കളെ നഷ്ടമായ യുക്രേനിയൻ, റഷ്യൻ അമ്മമാർക്കുവേണ്ടി കണ്ണീരോടെ പ്രാർത്ഥിച്ച് ഫ്രാൻസീസ് പാപ്പ.**

വത്തിക്കാൻ സിറ്റി : കഴിഞ്ഞ ദിവസത്തെ ആഞ്ചലൂസിന്റെ സമാപനത്തിൽ മക്കളെ നഷ്ടപ്പെട്ട അമ്മമാരെ അനുസ്മരിച്ച പാപ്പ യുദ്ധത്താൽ കഷ്ടപ്പെടുന്നവർക്കും യുദ്ധത്തിന് അറുതിയുണ്ടാവാനും വേണ്ടി പ്രാർത്ഥിക്കണമെന്നും വിശ്വാസികളോടെ അഭ്യർത്ഥിച്ചു. ഇരു രാജ്യങ്ങളിലെ പട്ടാളക്കാരെയും പ്രാർത്ഥനയിൽ പ്രത്യേകം അനുസ്മരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. വൈദ്യുതിയുടെ അഭാവത്താൽ അതിശൈത്യം മൂലം കഷ്ടപ്പെടുന്ന നമ്മുടെ സഹോദരങ്ങളെ വിസ്മരിക്കരുതെന്ന് ആവർത്തിച്ച് ഓർമ്മിപ്പിച്ച പാപ്പ, മക്കളെ നഷ്ടമായ അമ്മമാരുടെ വേദനയിൽ പങ്കുചേർന്ന് അവർക്കായി പ്രത്യേകം പ്രാർത്ഥിച്ചു.

റഷ്യ - യുക്രൈൻ യുദ്ധം തുടങ്ങിയ നാൾ മുതൽ മേഖലയിൽ സമാധാനം സംജാതമാകാൻ പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഫ്രാൻസിസ് പാപ്പ, ഇതുമായി ബന്ധപ്പെട്ട് നടത്തുന്ന ഏറ്റവും പുതിയ അഭ്യർത്ഥനയ്ക്കാണ് ലോകം സാക്ഷ്യം വഹിച്ചത്. യുദ്ധത്തിൽ മരിച്ചുപോയ പട്ടാളക്കാരെ ഓർത്ത് വിലപിക്കുന്ന മാതാപിതാക്കളെ പലപ്പോഴും മാധ്യമങ്ങൾ ഓർക്കാറില്ല എന്നതാണ് വാസ്തവം. അവരുടെ വിയോഗത്തിൽ ഏറ്റവും കൂടുതൽ വേദനയനുഭവിക്കുന്നത് നൊന്തുപ്രസവിച്ച അമ്മമാർ തന്നെയാണ്. അക്കാര്യം പങ്കുവെച്ച് പാപ്പ നൽകിയ സന്ദേശം ശ്രദ്ധേയമാകുകയാണ്.

**2. കോംഗോയിലെ ക്രൈസ്തവ ദൈവാലയത്തിനുനേരെ ഇസ്ലാമിക തീവ്രവാദി ആക്രമണം; 10ൽപ്പരം പേർക്ക് ദാരുണാന്ത്യം.**

കിൻഷാസ : ആഫ്രിക്കൻ രാജ്യമായ കോംഗോയിലെ ക്രൈസ്തവ ദൈവാലയത്തിനു നേരെയാണ് ഇസ്ലാമിക തീവ്രവാദി ആക്രമണം നടന്നത്. ജനുവരി 15ന് നടന്ന ആക്രമണത്തിൽ ഏറ്റവും കുറഞ്ഞത് 10 പേരെങ്കിലും കൊല്ലപ്പെട്ടെന്ന് അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. 15ൽപ്പരം പേർക്ക് പരിക്കേറ്റെന്നും റിപ്പോർട്ടുണ്ട്. ഇസ്ലാമിക് സ്റ്റേറ്റുമായി ബന്ധമുള്ള ഇസ്ലാമിക് തീവ്രവാദ സംഘടനയായ എ.ഡി.എഫ്. ആക്രമണത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തു. ഉഗായണ്ടയോട് അതിർത്തി പങ്കിടുന്ന

കസിൻഡിഗ്രാമത്തിലെ പ്രൊട്ടസ്റ്റന്റ് ദൈവാലയത്തിന് നേർക്കായിരുന്നു ആക്രമണം. കുട്ടികൾ ഉൾപ്പെടെയുള്ളവരുടെ ശരീരങ്ങൾ ദൈവാലയത്തിൽ കിടക്കുന്ന വിഡിയോ പുറത്തുവന്നിട്ടുണ്ട്. പരിക്കുപറ്റിയവരെ മെഡിക്കൽ സഹായം ലഭ്യമാക്കാൻ ട്രക്കിലേക്ക് കയറ്റുന്ന ദൃശ്യങ്ങളുള്ള മറ്റൊരു വീഡിയോയും പുറത്തുവന്നു. ജനസംഖ്യയുടെ 95%വും ക്രൈസ്തവരുള്ള രാജ്യമാണെങ്കിലും ഇസ്ലാമിക തീവ്രവാദികളുടെ ആക്രമണം തുടർച്ചയായി നേരിടുന്ന മദ്ധ്യ ആഫ്രിക്കൻ രാജ്യമാണ് കോംഗോ. ക്രൈസ്തവ ഭൂരിപക്ഷരാജ്യമായ ഇവിടം ഇസ്ലാമിക് വത്കരിക്കുക എന്ന ലക്ഷ്യത്തോടെയുള്ള തീവ്രവാദികളുടെ വ്യാപനമാണ് ഇപ്പോഴത്തെ ഏറ്റവും വലിയ വെല്ലുവിളി. എ.ഡി.എഫ്. ആണ് ഇതിനുപിന്നിലുള്ളത്. 2021 ജൂണിൽ കോംഗോയിലെ ബെനി നഗരത്തിൽ സ്ഥിതി ചെയ്യുന്ന കത്തോലിക്കാ ദേവാലയത്തിൽ ബോംബ് സ്ഫോടനം ഉണ്ടായെങ്കിലും തലനാരിഴയ്ക്ക് വൻ ദുരന്തം ഒഴിവാകുകയായിരുന്നു. നിരവധി കുട്ടികളുടെ സ്ഥൈര്യലേപനകർമം നടക്കേണ്ടിയിരുന്നതിന് മണിക്കൂറുകൾക്ക് മുമ്പായിരുന്നു ദൈവാലയത്തിലെ ബോംബ് സ്ഫോടനം.

**3. നൈജീരിയയിൽ കത്തോലിക്കാ വൈദികനെആയുധധാരികൾ ചുട്ടുകൊന്നു.**

നൈജർ : ക്രൈസ്തവ വിരുദ്ധ പീഢനങ്ങൾ രൂക്ഷമാകുന്ന നൈജീരിയയിൽ ആണ് സംഭവം നടന്നത്. നൈജറിലെ കഫിൻ കോറോ ഗ്രാമത്തിൽ സ്ഥിതി ചെയ്യുന്ന സെന്റ് പീറ്റർ ആന്റ് പോൾ ദൈവാലയത്തിന്റെ വികാരി ഫാ. ഐസക് അച്ചിയാണ് കൊല്ലപ്പെട്ടത്. ജനുവരി 15ന് പുലർച്ചെ ആക്രമണം നടത്തിയ ആയുധധാരികളായ കവർച്ചാസംഘം വൈദികന്റെ താമസസ്ഥലം അഗ്നിക്കിരയാക്കുകയായിരുന്നു എന്നാണ് റിപ്പോർട്ടുകൾ. സെന്റ് പീറ്റർ ആന്റ് പോൾ ദൈവാലയത്തിലെ കത്തിക്കരിഞ്ഞ റെക്ടറിയിൽ നിന്ന് ഫാ. ഐസക് അച്ചിയുടെ മൃതദേഹം കണ്ടെത്തിയെന്ന് മിന്ന രൂപതാ നേതൃത്വം സ്ഥിരീകരിച്ചു. റെക്ടറിയിലെ മറ്റൊരു വൈദികനായ ഫാ. കോളിൻസ് ഒമേ അത്ഭുതകരമായ വിധം രക്ഷപ്പെട്ടു. പക്ഷേ അക്രമികൾ വെടിയുതിർത്തതിനെതുടർന്ന് പരിക്കേറ്റ അദ്ദേഹം ആശുപത്രിയിൽ ചികിത്സയിലാണിപ്പോൾ. ക്രിസ്ത്യൻ അസോസിയേഷൻ ഓഫ് നൈജീരിയയുടെ പ്രാദേശിക വിഭാഗം ചെയർമാനായിരുന്നു ഫാ. ഐസക്. അക്രമികളെ ഉടൻ പിടികൂടാൻ പ്രാദേശിക സുരക്ഷാ ഏജൻസികൾക്ക് നിർദ്ദേശം നൽകിയതായി നൈജർ ഗവർണർ ബെല്ലോ അബൂബക്കർ അറിയിച്ചു. ഒരു വൈദികൻ കൊല്ലപ്പെട്ടതിൽ അതീവ വേദനയുണ്ടെന്ന് പറഞ്ഞ അദ്ദേഹം രാജ്യത്ത് നടന്നുകൊണ്ടിരിക്കുന്ന കൂട്ടക്കൊലകൾ അവസാനിപ്പിക്കാൻ കടുത്ത നടപടി അനിവാര്യമാണെന്നും വ്യക്തമാക്കി.

# പിതാവായ ദൈവം



റീന ടീച്ചർ

കണ്ടാലും! എത്ര വലിയ സ്നേഹമാണ് പിതാവ് നമ്മോട് കാണിച്ചത്! ആദിപാതാവായ ആദം മുതൽ മനുഷ്യ വർഗ്ഗത്തിന് പറുദീസ നഷ്ടപ്പെടാൻ കാരണക്കാരനാകുന്ന പിശാചിന്റെ പ്രവൃത്തികളെ നശിപ്പിക്കുന്നതിനുവേണ്ടിയും, അവൻ മൂലം മനുഷ്യൻ ചെയ്തുപൊകുന്ന പാപങ്ങൾക്കു പരിഹാര ബലിയാകുന്നതിനുമായി സ്വപുത്രനെ അയയ്ക്കുന്ന പിതാവിന്റെ സ്നേഹം!

പഴയ നിയമത്തിൽ ശബ്ദമായും അഗ്നിയായും പ്രത്യക്ഷപ്പെട്ട പിതാവ്, ആദിയിലേ കൂടെയുണ്ടായ വചനത്താൽ പ്രപഞ്ചം സൃഷ്ടിക്കുകയും ആ വചനം മാംസം ധരിച്ച് മനുഷ്യനായി ഭൂജാതനാകാൻ കാണിച്ച പിതാവിന്റെ സ്നേഹം!

അദൃശ്യനായ പിതാവ്, പുത്രന്റെ നാമത്തിൽ എന്ത് ചോദിച്ചാലും ലഭിക്കുമെന്ന് വാഗ്ദാനം ചെയ്ത് ലോകാവസാനം വരെ പുത്രൻ മഹത്വപ്പെടാൻ ആഗ്രഹിക്കുകയും അന്ത്യവിധിയുടെ പൂർണ്ണ ഉത്തരവാദിത്വം ഏൽപ്പിക്കുകയും ചെയ്യുന്നു. "പുത്രനിലൂടെ പിതാവിലേക്ക്" എന്ന ആത്മീയ യാത്രയുടെ തത്വം, പുത്രനോടുള്ള സ്നേഹം വെളിവാകുന്നു.

യോഹന്നാൻ ശ്ലീഹായുടെ ലേഖനത്തിൽ അധ്യായം 2ൽ പുത്രനും പിതാവും തമ്മിലുള്ള ബന്ധം ഊന്നിപ്പറയുന്നുണ്ട്. പുത്രനെ നിഷേധിക്കുന്നവനു പിതാവുമില്ല; പുത്രനെ ഏറ്റുപറയുന്നവനു പിതാവും ഉണ്ട്. ജഡത്തിന്റെ ദുരാശ, കണ്ണുകളുടെ ദുരാശ, ജീവിതത്തിന്റെ അഹന്ത ഇങ്ങനെ ലോകത്തിലുള്ളതൊന്നും പിതാവിന്റേതല്ല. അതിനാൽ ഈശോ അരുൾ ചെയ്തു. എന്റെ പിതാവിനാൽ ആകർഷിതരാകാതെ ആരും എന്റെയടുക്കൽ വരാൻ സാധ്യമല്ല. ലോകത്തിന്റെ ദുരാശകളിൽ അമിതമായി കുടുങ്ങിപ്പോകുന്ന മനുഷ്യൻ ഒരിക്കലും ദൈവത്തെ കണ്ടുമുട്ടുന്നില്ല. ഞാനും പിതാവും ഒന്നാകുന്നു" എന്ന ഈശോയുടെ വചനം ഓർമ്മിപ്പിച്ചു

കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്
**മാസാദ്യ വെള്ളി**

| വൈകീട്ട് 5.30ന് | വൈകീട്ട് 6 മണിക്ക് |
|---|---|
| ആരാധന, കുമ്പസാരം | വി. കുർബാന, ലദീഞ്ഞ്, നൊവേന |

*രാവിലെ വി. കുർബാന ഉണ്ടായിരിക്കുന്നതല്ല*

കൊണ്ട് ആ ബന്ധത്തിന്റെ ആഴം ഒരു വിശ്വാസി മനസ്സിലാക്കേണ്ട തിന്റെ ആവശ്യകത ഈ കാലഘട്ടത്തിൽ അത്യന്താപേക്ഷിതാണ്.

പ്രഭാഷകന്റെ പുസ്തകം അധ്യായം 3ൽ മക്കൾ പിതാവി നോട് എപ്രകാരം പെരുമാറണമെന്ന് എഴുതിവെച്ചിരിക്കുന്നത് എടുത്തു പറയേണ്ട വസ്തുതയാണ്. "മക്കൾ പിതാവിനെ ബഹുമാ നിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു പിതാവിനെ ബഹുമാനി ക്കുന്നവൻ തന്റെ പാപങ്ങൾക്കു പ്രായശ്ചിത്തം ചെയ്യുന്നു; അവന്റെ മക്കൾ അവനെ സന്തോഷിപ്പിക്കും; അവന്റെ പ്രാർത്ഥന കർത്താവ് കേൾക്കും; അവൻ ദീർഘകാലം ജീവിക്കും; അവരുടെ ഭവനങ്ങൾ ബലവത്താകും; പിതാവിന്റെ അപമാനം ആർക്കും ബഹുമതിയല്ല; അവൻ മഹത്വം ആർജിക്കും; പിതാവിനോട് കാണിക്കുന്ന കാരുണ്യം മക്കളുടെ പാപങ്ങളുടെ കടം വീടുന്നതിന് ഉപകരിക്കും; കഷ്ടതയുടെ ദിനത്തിൽ നീ കാണിച്ച കാരുണ്യം നിനക്ക് കാരുണ്യ ത്തിനായ് ഭവിക്കും. അറിവ് കുറഞ്ഞ പിതാവാണെങ്കിലും സഹി ഷ്ണുത കാണിക്കുക; നീ എത്ര ബലവാനാണെങ്കിലും പിതാവിനെ നിന്ദിക്കരുത്"

പ്രിയ സഹോദരങ്ങളെ, പിതാവിന്റെ ഹിതം നിറവേറ്റാൻ വേണ്ടി കുരിശു മരണത്തോളം തന്നെ തന്നെ താഴ്ത്തി മറ്റുള്ളവ രുടെ മുൻപിൽ പരിഹാസകനായി നിൽക്കുന്ന ഗാഗുൽത്താനാ ഥന്റെ മുന്നിൽ, വൃദ്ധസദനങ്ങളിൽ മക്കളാൽ ഉപേക്ഷിക്കപ്പെട്ട പിതാക്കന്മാരോട് മാപ്പ് ചോദിക്കുന്നതോടൊപ്പം അവരെ സമർപ്പിച്ച് പ്രാർത്ഥിക്കുന്നു. നോമ്പുകാലത്തിലേക്ക് പ്രവേശിക്കാനിരിക്കുന്ന നമുക്ക് കാണപ്പെടുന്ന ദൈവങ്ങളായ മാതാപിതാക്കളെ ബഹുമാ നിച്ച് ദൈവകല്പനകൾ അനുസരിക്കുന്നവരാകാം.

## അഭിനന്ദനങ്ങൾ



**സംസ്ഥാന ബാസ്ക്കറ്റ് ബോൾ ചാമ്പ്യൻഷിപ്പിൽ**
**മൂന്നാം സ്ഥാനം കരസ്ഥമാക്കിയ തൃശൂർ ജില്ലാ ടീം അംഗം**
**നമ്മുടെ ഇടവകാംഗം**
**സെന്റ് തോമസ് കുടുംബകൂട്ടായ്മ**
**നിരപ്പേൽ പുത്തൻപുര**
**ജെയ്മോൻ – ജിനി ദമ്പതികളുടെ മകൻ**

**ജോയൽ ജെയ്മോന്**

**ഇടവകയുടേയും ടച്ച്-മീയുടേയും**
**അഭിനന്ദനങ്ങൾ**



പാവനസ്മരണയ്ക്ക്

## 17-ാം ചരമവാർഷികം

18-02-2023

### ചുങ്കത്ത് പറിഞ്ചു

# ഔസേപ്പ്

കക്കാട്

സ്നേഹസ്മരണകളോടെ : സി.ഒ. ബാബു & ഫാമിലി



പാവനസ്മരണയ്ക്ക്

## 12-ാം ചരമവാർഷികം

22-02-2023

### വലിയവീട്ടിൽ ദേവസി

# തോമ

സ്നേഹസ്മരണകളോടെ...

| മക്കൾ | മരുമക്കൾ |
|---|---|
| ഗ്രേസി | പോളി |
| ഉഷ | രാജൻ (Late) |
| ബാബു, | ജാൻസി |
| വർഗ്ഗീസ് | ബേബി |
| ജോയ് | റീത്ത |
| സണ്ണി | ഷീജ |


BLESSON


കുന്നംകുളം
ഇടവക ദിനം

# ഇടവകദിനം




കുന്നംകുളം
ഇടവക ദിനം
അനുമോദന സമ്മേളനം
സംയുക്ത വാർഷികം


സംയുക്ത വാർഷികം


കുന്നംകുളം
ഇടവക ദിനം





# കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് കാത്തലിക് ചർച്ച്
# ഇടവക ദിനം, വിശ്വാസ പരിശീലന, ഭക്തസംഘടന കുടുംബകൂട്ടായ്മ സംയുക്ത വാർഷികം അനുമോദന സമ്മേളനം

കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിലെ, ഇടവകദിനവും, വിശ്വാസപരീശീലന, ഭക്തസംഘടന, കുടുംബകൂട്ടായ്മ സംയുക്തവാർഷികവും, കുന്നംകുളം ഇടവകയിൽനിന്നും, ആദ്യമായി വൈദിക പട്ടം സ്വീകരിച്ച റവ. ഫാ. ഫിഡെൽ തച്ചിൽ SDB യ്ക്കുള്ള അനുമോദനവും 2023 ജനുവരി 8 ഞായറാഴ്ച വൈകീട്ട് 6 മണിക്ക് ഇടവക ദൈവാലയ അങ്കണത്തിൽ സമുചിതമായി ആഘോഷിച്ചു.

മറ്റം ഫൊറോന വികാരി വെരി. റവ. ഫാ. ഷാജു ഊക്കന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം, തൃശൂർ അതിരൂപത ജനറൽ റവ. ഫാ. ജോസ് കോനിക്കര ജൂനിയർ ഉദ്ഘാടനം ചെയ്തു. പ്രശസ്ത സിനിമാതാരം ശ്രീ ഇർഷാദ് വിശിഷ്ടാതിഥിയും, എയ്യാൽ പള്ളി വികാരി റവ. ഫാ. ബിജു ജോസഫ് ആലപ്പാട്ട് മുഖ്യാതിഥിയുമായിരുന്നു.

ചിറളയം ഹോളി ചൈൽഡ് കോൺവെന്റ് സിസ്റ്റർ സുപ്പീരിയർ സിസ്റ്റർ ആൻജോസ് CMC, ഭക്തസംഘടന ഏകോപന സമിതി കൺവീനർ സി.ഒ. ആന്റണി എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു. ഭക്തസംഘടന, കുടുംബകൂട്ടായ്മ, വിശ്വാസ പരിശീലന സംയുക്ത റിപ്പോർട്ട് വിശ്വാസ പരിശീലന സെക്രട്ടറി ജിനി ജെയ്മോൻ അവതരിപ്പിച്ചു.

കുന്നംകുളം ഇടവകയിലെ പ്രഥമ വൈദികൻ റവ. ഫാ ഫാദർ ഫിഡെൽ തച്ചിലിന് കുന്നംകുളം ഇടവക സമൂഹത്തിന്റെ സ്നേഹോപഹാരം സമ്മാനിച്ചു. സ്നേഹോപഹാരത്തിനും അനു

## യാത്രാമംഗളങ്ങൾ

ആർത്താറ്റ് ഹോളിക്രോസ് ഇടവകയിലേക്ക് സ്ഥലംമാറിപ്പോയ, സെന്റ് സേവിയേഴ്സ് കുടുംബകൂട്ടായ്മയിൽ അംഗമായിരുന്ന ചരണിപ്പറമ്പിൽ ജോസഫിനും കുടുംബത്തിനും

**ഇടവകയുടെ യാത്രാമംഗളങ്ങൾ**

മോദനങ്ങൾക്കും റവ. ഫാദർ ഫിഡെൽ തച്ചിൽ SDB, നന്ദി പറഞ്ഞ് സംസാരിച്ചു. വിവാഹത്തിന്റെ സിൽവർ ജൂബിലി ആഘോഷിക്കുന്ന ദമ്പതികളേയും, SSLC, +2 പരീക്ഷകളിൽ മുഴുവൻ A+ നേടിയവരേയും, വിവിധ രംഗങ്ങളിൽ മികവ് തെളിയിച്ചവരേയും വേദിയിൽ മെമന്റോ നൽകി ആദരിച്ചു.

വിശ്വാസപരിശീലനത്തിന് ഫസ്റ്റും സെക്കന്റും നേടിയവർക്കും ക്ലാസ്സുകളിൽ മുഴുവൻ അറ്റന്റൻസ് നേടിയവർക്കും സമ്മാനങ്ങൾ വിതരണം ചെയ്തു.

വിവിധ കുടുംബക്കൂട്ടായ്മ അംഗങ്ങളുടേയും, വിശ്വാസപരിശീലന വിദ്യാർത്ഥികളുടേയും, അദ്ധ്യാപകരുടേയും, ഭക്തസംഘടന അംഗങ്ങളുടേയും വൈവിധ്യങ്ങളായ കലാപരിപാടികൾ അരങ്ങേറി. ഇടവകയിലെ മുഴുവൻ അംഗങ്ങളുടേയും സജീവ സാന്നിദ്ധ്യം ആഘോഷങ്ങൾക്ക് മാറ്റ് കൂട്ടി. ആഘോഷങ്ങൾക്ക് ശേഷം ഇടവകയുടെ കൂട്ടായ്മ വിളിച്ചോതിയ സ്നേഹവിരുന്നിൽ എല്ലാവരും പങ്കെടുത്തു.

യോഗത്തിൽ ഇടവക വികാരി റവ. ഫാ. ദാവീദ് വിതയത്തിൽ സ്വാഗതവും, കൈക്കാരൻ എൻ.ജെ. ജെയ്മോൻ നന്ദിയും പറഞ്ഞു.

ആഘോഷങ്ങൾക്ക് റവ. ഫാ. ദാവീദ് വിതയത്തിൽ, കൈക്കാരന്മാരായ എൻ.ജെ. ജെയ്മോൻ, കെ.ജെ. ജെയ്സൺ, ജോസ് കിരൺ, ജന. കൺവീനർ എം.എൽ. സുനിൽ, ജോ. കൺവീനർ വി.ജെ. സുനിൽ, സെക്രട്ടറി തോംസൺ തച്ചിൽ, പി.ആർ.ഒ. വി.സി. ജോസി, കൺവീനർമാരായ കെ.ജി ബാബു, സി.ഒ. ആന്റണി, ജാൻസി ആന്റോ, പി.ആർ. സജി. എം.എൽ. മാണി, സി. സുപ്പീരിയർ ആൻജോസ് CMC എന്നിവരും, ഭക്തസംഘടന ഭാരവാഹികൾ, കുടുംബക്കൂട്ടായ്മ ഭാരവാഹികൾ, വിശ്വാസപരിശീലന പി.ടി.എ. അംഗങ്ങൾ, പ്രതിനിധിയോഗ അംഗങ്ങൾ എന്നിവരും നേതൃത്വം നൽകി.

## ലദ്ദീഞ്ഞ്, നൊവേന

| | |
|---|---|
| 04-02-2023 ശനി<br>04-03-2023 ശനി | 6.30 pm സെന്റ് മേരീസ് കപ്പേള |
| 07-02-2023 ചൊവ്വ | 6.30 pm സെന്റ് ആന്റണീസ് കപ്പേള |



# വാക്സിനുകളെ ഭയപ്പെടണോ?

നിത ഡിന്റോ (ഫിസിയോതെറാപ്പിസ്റ്റ്)

വാസ്കിനുകളോടുള്ള ഭയം നമുക്ക് ഇന്നും ഇന്നലെയും തുടങ്ങിയതല്ല. കുഞ്ഞുങ്ങൾക്ക് കൊടുക്കുന്ന വാക്സിനേഷനു എതിരായ ക്യാമ്പയിനിൽ തുടങ്ങി ഇതാ ഈയടുത്തു നൽകിയ വിരഗുളികയിലും (പ്രതിരോധ മരുന്ന്) അത് എത്തിനിൽക്കുന്നു.

സത്യത്തിൽ വാസ്കിനുകളെ ഇത്ര ഭയക്കേണ്ടതുണ്ടോ? വസൂരി, പോളിയോ തുടങ്ങിയ മാറാവ്യാധികളെ, വാക്സിനേഷനിലൂടെ തുരത്തിയിട്ടുപോലും നമ്മുടെ സമൂഹം വാക്സിൻ എന്നു കേൾക്കുമ്പോൾ ഭയപ്പെടുന്നത് എന്തിന്?

**എന്താണ് വാക്സിൻ?**

ദുർബലമായതോ നിർജ്ജീവമായതോ ആയ സൂക്ഷ്മ അണുക്കളെയാണ് നാം വാക്സിനായി ഉപയോഗിക്കുന്നത്.

**പ്രവർത്തനരീതി**

രോഗം ഉണ്ടാക്കാൻ തക്ക കഴിവില്ലാത്ത ഈ ദുർബലമായതോ കൊല്ലപ്പെട്ടതോ ആയ സൂക്ഷ്മ അണുക്കൾ നമ്മുടെ ശരീരത്തിൽ എത്തുമ്പോൾ ഇതിനെ ശരീരത്തിനെതിരായ ഒരു ശത്രു ആയികണ്ട് നമ്മുടെ ശരീരത്തിന്റെ പ്രതിരോധ സംവിധാനം ഉത്തേജിപ്പിക്കപ്പെടുന്നു. അതുവഴി ഉല്പാദിപ്പിക്കപ്പെടുന്ന 'ആന്റിബോഡി'കൾ ശരീരത്തിൽ തുടരുന്നതുവഴി പിന്നീട് എപ്പോഴെങ്കിലും ഈ സൂക്ഷ്മാണുവിന്റെ ശക്തമായ അണു ശരീരത്തിൽ പ്രവേശിച്ചാലും മുൻപ് ഈ അണുവിനായ് ഉണ്ടാക്കിയിട്ടുള്ള 'ആന്റിബോഡി' നിലനിൽക്കുന്നതിനാൽ അണുവിന് രോഗം ഉണ്ടാക്കാൻ സാധിക്കില്ല.

വാക്സിനായി ഉപയോഗിക്കുന്നത് ഈ അണുവിന്റെ ദുർബലമായതോ, കൊല്ലപ്പെട്ടതോ ആയ അണുവായതുകൊണ്ടുതന്നെ രോഗം ശരീരത്തിൽ ഉണ്ടാകാതെ തന്നെ 'ആന്റിബോഡി' സൃഷ്ടിക്കപ്പെടുന്നു.

ഇത്ര ലളിതമായതും ചിലവുകുറഞ്ഞതും ആയ ഈ പ്രതിരോധമാർഗ്ഗത്തെ എതിർക്കുന്നതുവഴി നമ്മുടെ സമൂഹം നൂറ്റാണ്ടുകൾ പിന്നിലോട്ടു സഞ്ചരിക്കും.

**ഇന്ത്യയുടെ വാക്സിനേഷൻ നേട്ടങ്ങൾ**

വാക്സിനുകളുടെ ചരിത്രം ആരംഭിക്കുന്നത്. സമൂഹത്തിൽ

രോഗം തടയാനുള്ള ആദ്യശ്രമത്തിൽ നിന്നാണ്, രേഖപ്പെടുത്തിയിട്ടുള്ള ഏറ്റവും വലിയ വസൂരി പകർച്ചാവ്യാധികളിലൊന്ന് ഗോവയിൽ 1545 എ.ഡി.യിൽ റിപ്പോർട്ട് ചെയ്തു. ഏകദേശം 8000 കുട്ടികൾ മരിച്ചു. ചരിത്രകാരന്മാർ വസൂരിയെ 'ഇന്ത്യൻ പ്ലേഗ്' എന്നാണ് വിശേഷിപ്പിച്ചത്.

വസൂരി വാക്സിൻ ലിംഫിന്റെ ആദ്യ ഡോസുകൾ ഇന്ത്യയിൽ എത്തിയത്. 1802 മെയ് മാസത്തിലാണ്. മുംബെയിൽ നിന്നുള്ള കുട്ടി അന്ന ഡസ്റ്റാൾ വസൂരി വാക്സിൻ, ഇന്ത്യയിൽ സ്വീകരിച്ച ആദ്യ വ്യക്തിയായി.

വർഷങ്ങളായുള്ള പ്രയത്നത്തിന്റെ ഫലമായി 1970ൽ ഇന്ത്യ വസൂരിയെ നിർമ്മാർജ്ജനം ചെയ്തു.

പോളിയോ നിർമ്മാർജ്ജനത്തിന്റെ കഥയും വിഭിന്നമല്ല. ഇന്ത്യയിൽ പോളിയോക്കെതിരായി എക്പാൻഡഡ് പ്രോഗ്രാം ഓൺ ഇമ്മ്യൂണൈസേഷൻ (EPI) ഉപയോഗിച്ച് 1978ൽ പ്രതിരോധ പ്രവർത്തനങ്ങൾ ആരംഭിച്ചു.

ഇന്ത്യയിൽ അവസാനമായി പോളിയോ റിപ്പോർട്ട് ചെയ്തത് 2011 ജനുവരി 13ന് പശ്ചിമ ബംഗാളിലും ഗുജറാത്തിലുമാണ്. പിന്നീട് പോളിയോ കേസുകളൊന്നും റിപ്പോർട്ട് ചെയ്യാത്തതിനാൽ 2014 മാർച്ച് 21ന് WHO ഇന്ത്യയെ പോളിയോ രഹിത രാജ്യമായി പ്രഖ്യാപിച്ചു.


നിർമ്മാർജ്ജനം ചെയ്യപ്പെട്ട രോഗങ്ങൾ അല്ലാതെ നിരവധി രോഗങ്ങളെ വരുതിയിൽ നിർത്താനും വാക്സിനുകൾ നമ്മെ സഹായിച്ചിട്ടുണ്ട്.

വാക്സിനുകളുടെ ചരിത്രം പരിശോധിച്ചാൽ മനസ്സിലാകും ഇന്ത്യപോലുള്ള രാജ്യത്ത് വാക്സിനോടുള്ള വിമുഖതയും എതിർപ്പും മന്ദഗതിയിലുള്ള സ്വീകാര്യതയും രാജ്യത്തെ വാക്സിനേഷൻ കവറേജിനുള്ള വെല്ലുവിളിയാണ്.

ഒഴിവാക്കാൻ കഴിയുന്ന ഒരുപാടു മരണങ്ങൾ, ഐ.സി.യു. ചികിത്സകൾ എന്നിവ വാക്സിന്റെ നേട്ടമാണ് എന്നിരിക്കെ ഒരു സമൂഹത്തെ മുഴുവൻ പിന്നിലോട്ടു വലിക്കുന്ന വാക്സിൻ വിരുദ്ധ പ്രചരണത്തിൽ നമുക്കു പങ്കാളിയാകാതിരിക്കാം.

ചിലപ്പോൾ ഒരു വീഡിയോ ഷെയർ ഒരു കുഞ്ഞിന്റെ ജീവനെടുക്കാൻ കാരണമാകും.

ഒരുപക്ഷേ, വസൂരിയെ നിർമാർജ്ജനം ചെയ്തില്ലായിരുന്നെങ്കിൽ ഇത്തരം വാക്സിൻ വിരുദ്ധ വീഡിയോസ് ഇടാൻ നമ്മിൽ എത്രപേർ ബാക്കിയുണ്ടാകും എന്നത് ചിന്തനീയമാണ്.



# കുഞ്ഞുങ്ങളിലെ ആസ്ത്മ
## ധാരണകളും മിഥ്യാധാരണകളും

ഡോ. പോൾ സി. റാഫേൽ

**1) എന്താണ് ആസ്ത്മയുടെ രോഗലക്ഷണങ്ങൾക്ക് കാരണം?**

അലർജി ഉളവാക്കുന്ന എന്തിനെയും ഒരു പ്രേരക ഘടകമായി കരുതാം. ഈ ഘടകങ്ങൾ അലർജി ഉള്ള ഓരോരുത്തർക്കും വ്യത്യസ്തമാകും. അതായത് ഒരാൾക്ക് അലർജി ഉണ്ടാക്കുന്ന വസ്തു മറ്റൊരാൾക്ക് യാതൊരുവിധ ലക്ഷണവുമുണ്ടാക്കണമെന്നില്ല. ശ്വാസത്തിലൂടെ ശ്വാസകോശത്തിലേക്ക് പ്രവേശിക്കാൻ ഒരുങ്ങവേ ഇത് നിമിത്തം ശ്വസനത്തിൽ ബുദ്ധിമുട്ടും മറ്റു ലക്ഷണങ്ങളും ഉണ്ടാകുന്നു. ഇങ്ങനെ പലപ്രാവശ്യം ആകുമ്പോൾ ശ്വാസനാളിയിൽ നീർക്കെട്ട്, കഫം, ശ്വാസനാളിയുടെ മസിലുകൾ വികസിച്ച് തൽഫലമായി അതിന്റെ ഉള്ളിലെ ചുറ്റളവ് കുറയുക എന്നീ ഫലങ്ങൾ ഉണ്ടാകാം.

പാരമ്പര്യമായി ജീനുകളിലൂടെ ആസ്ത്മ അടുത്ത തലമുറയിലേക്ക് എടുത്തുന്നു എന്ന് പഠനങ്ങൾ തെളിയിക്കുന്നു. എന്നാൽ പാരമ്പര്യമായി ഇങ്ങനെ ഇല്ലാത്ത കുടുംബങ്ങളിലും ഇന്ന് ഇതു കണ്ടുവരുന്നു. അന്തരീക്ഷ മലിനീകരണം, നഗരവത്കരണം ഇവയൊക്കെ കാരണമാകാം ഇത്.

ആസ്ത്മയെ മോഡേൺ മെഡിസിനിലെ ഇൻഹേലർ ചികിത്സയിലൂടെ ഫലപ്രദമായി വരുതിയിൽ നിർത്താം. പാർശ്വഫലങ്ങളേതുമില്ലാതെ ഇത് ഒരു ഡോക്ടറിന്റെ മേൽനോട്ടത്തിൽ നടത്തിയാൽ കുട്ടിയുടെ വളർച്ച സാധാരണപോലെ ആകും. തന്റെ പ്രായത്തിലെ മറ്റു കുട്ടികൾ ചെയ്യുന്നതൊക്കെ ചെയ്ത് വളരാൻ കുട്ടിക്ക് സാധിക്കുന്നു. തക്ക സമയത്തെ ചികിത്സ വളരെ പ്രധാനം. ആസ്ത്മയിൽ ഉണ്ടാകുന്ന നീർക്കെട്ടും മസിലിന്റെ വികാസവും ഉണ്ടാകുന്നത് അടിക്കടി ഉണ്ടാകുന്ന ആസ്ത്മ ആക്രമം നിമിത്തമാണ്. ഇത് ചികിത്സിക്കാതെ ഇരുന്നാൽ ഭാവിയിൽ ശ്വാസകോശത്തിന് കേടുപാട് ഉണ്ടാവുകയും ചികിത്സ കൊണ്ട് പൂർണ്ണഫലം ലഭിക്കാൻ സാധ്യത കുറയുകയും ചെയ്യുന്നു.

**എന്തൊക്കെയാണ് സാധാരണയായി കുട്ടികളിൽ കാണുന്ന ലക്ഷണങ്ങൾ?**

ചെറിയ കുഞ്ഞുങ്ങളിൽ ആസ്ത്മപോലെയുള്ള അവസ്ഥ

കൾ അല്ലെന്ന് തീർച്ചപ്പെടുത്തണം. Bronchiolitis, GERD മുതലായവ ഇല്ല എന്ന് ഉറപ്പാക്കണം. ചുമ, ശ്വാസംമുട്ട്, നെഞ്ചിൽ പിടുത്തം, നെഞ്ചിൽനിന്ന് കേൾക്കുന്ന വിസിലടി പോലെയുള്ള വീസ് ഇവയാണ് പൊതുവെ ലക്ഷണങ്ങൾ. രാത്രിയിൽ അല്ലെങ്കിൽ നേരം പുലരാറാകുമ്പോൾ വരുന്ന നിർത്താതെയുള്ള ചുമ മാത്രമായും ചില കുട്ടികളിൽ ആസ്ത്മ പ്രത്യക്ഷപ്പെടാറുണ്ട്. ഓടിക്കളിച്ച് കഴിഞ്ഞ് കാണപ്പെടുന്ന ചുമയോ ശ്വാസംമുട്ടലോ തള്ളിക്കളയരുത്. അത് Exercise Induced Asthma അഥവാ വ്യായാമം മൂലം ഉണ്ടാകുന്ന ആസ്തമയുടെ തരമാകാം.

തീരെ ചെറിയ കുഞ്ഞുങ്ങളിൽ മൂക്കൊലിപ്പുമായി തുടങ്ങുന്ന വീസ് ശ്വാസതടസ്സം ഉണ്ടാക്കാറുണ്ട്. എന്നാൽ കുഞ്ഞു വളരുമ്പോൾ ശ്വാസനാളിക്കും വലുപ്പം കൂടുന്നു. അതിനാൽ ഏകദേശം 3 മുതൽ 6 വയസ്സിനുള്ളിൽ ലക്ഷണങ്ങൾ വരുന്നത് ഇല്ലാതെയാകുന്നു. എന്നാൽ ചില കുഞ്ഞുങ്ങളിൽ, പ്രത്യേകിച്ച് പാരമ്പര്യത്തിൽ ആസ്ത്മ ഉണ്ടെങ്കിൽ, മൂക്കൊലിപ്പ് കൂടാതെ പലതരം പ്രേരക ഘടകങ്ങളോട് പ്രതികരിച്ച് ശ്വാസംമുട്ടുണ്ടാകുന്നതായി കാണാം. വളരെ ചെറുപ്പത്തിൽ തുടക്കത്തിലൊക്കെ മൂക്കൊലിപ്പ് മാത്രമായി കണ്ടാലും പിന്നീട് തണുത്ത കാറ്റ്, ഓടിക്കളി, പുക, ഇവയൊക്കെ പ്രേരക ഘടകങ്ങളാകുന്നു ഇക്കൂട്ടർക്ക്. ഇവ ഭാവിയിൽ ആസ്ത്മ ആയി ഭവിക്കാം. എന്നാൽ നേരത്തെ തന്നെ ചികിത്സിച്ചു തുടങ്ങിയാൽ ചെറുപ്പത്തിലെ തുടങ്ങുന്ന കേടുപാടുകൾ ശ്വാസനാളിക്ക് വരാതെ നോക്കാം.

**എന്താണ് പൊതുവായ പ്രേരക ഘടകങ്ങൾ?**

പൂച്ചയുടെ രോമം, പഞ്ഞിമെത്തയിലും, പഞ്ഞി തലയിണയിലും കാണുന്ന പൊടിച്ചെള്ള്, പാറ്റ, ഭിത്തിയിലെ വിള്ളലുകളിൽ കാണുന്ന പൂപ്പൽ, സിഗററ്റ് / ബീഡി പുക, വിറകടുപ്പിന്റെ പുക, കൊതുകുതിരി, ചന്ദനത്തിരി, വളർത്തുപക്ഷികൾ, പെർഫ്യൂം, ചില പ്രത്യേക പൂമ്പൊടി, കാർപെറ്റിലേയും, സോഫയിലേയും പൊടി, വ്യായാമം / ശാരീരിക അധ്വാനം, ചിരി, കരച്ചിൽ, മാനസിക പിരിമുറുക്കം, ചിലതരം ഭക്ഷണം ഇവയൊക്കെ പ്രേരക ഘടകങ്ങളായേക്കാം.



## പ്രത്യേക സമ്മാനം



വലിയനോമ്പിൽ ഫെബ്രുവരി 20 വിഭൂതി തിരുനാൾ മുതൽ
ഏപ്രിൽ 9 ഉയിർപ്പ് ഞായർ വരെ മുടങ്ങാതെ ദിവ്യബലിയിൽ
പങ്കെടുക്കുന്ന മുഴുവൻ വിശ്വാസ പരിശീലന
വിദ്യാർത്ഥികൾക്കും കുട്ടികൾക്കും പ്രത്യേക സമ്മാനം നൽകുന്നു.

**ആസ്ത്മ ചികിത്സ കൊണ്ട് മാറ്റാൻ പറ്റുമോ?**

അലർജി സ്കിൻ ടെസ്റ്റ് ചെയ്ത് പ്രേരക ഘടകങ്ങൾ ഏതെന്ന് കണ്ടുപിടിച്ച് അത് ഒഴിവാക്കുക. അതോടൊപ്പം ഒരു ഡോക്ടറുടെ മേൽനോട്ടത്തിൽ ശരിയായി ഇൻഹേലർ മരുന്നുകൾ ഉപയോഗിച്ചാൽ തീർച്ചയായും ഒരു സാധാരണ കുട്ടിക്ക് ചെയ്യാനാകുന്നതൊക്കെ ചെയ്ത് സാധാരണ വളർച്ച ഉറപ്പാക്കാം. എന്നാൽ ജനിതക ഘടകങ്ങൾ ശരീരത്തിൽ നിലനിൽക്കുന്നതിനാൽ പ്രേരക ഘടകങ്ങൾ ഉള്ള അന്തരീക്ഷത്തിൽ എത്തിയാൽ വീണ്ടും ലക്ഷണങ്ങൾ ഉണ്ടാകുമെന്ന് സാരം.

**ഇൻഹേലർ മരുന്നിന് പാർശ്വഫലങ്ങളുണ്ടോ?**

വായിലൂടെ കഴിക്കുന്ന ഏതുതരം മരുന്നും ആമാശയത്തിലെത്തി രക്തത്തിലേക്ക് വലിച്ചെടുക്കുന്നു. ഇത് എല്ലാ അവയവങ്ങളിലും എത്തുന്നു. വേണ്ടാത്ത അവയവങ്ങളിൽ എത്തുന്നതിനാൽ അത് പാർശ്വഫലങ്ങൾ ഉണ്ടാകുന്നു. കുറച്ചെങ്കിലും ശ്വാസകോശത്തിലെത്താൻ കൂടുതൽ അളവ് മരുന്ന് ഏതു തരമായാലും വായിലൂടെ കഴിക്കേണ്ടിവരുമെന്ന് സാരം. എന്നാൽ ഇൻഹേലർ നേരെ ശ്വാസകോശത്തിലേക്കായതിനാൽ ചെറിയ അളവ്/ഡോസ് മതി ഈ അളവിൽ പാർശ്വഫലങ്ങളും ഇല്ല. പ്രത്യേകിച്ച് ഒരു ഡോക്ടറുടെ മേൽനോട്ടവുമുണ്ടല്ലോ.

## വാഴ്ത്തപ്പെട്ട സിസ്റ്റർ റാണി മരിയ




"ധീര രക്തസാക്ഷിത്വം"
"നമ്മൾ അനുകരിക്കേണ്ടുന്ന ധീര വനിത"

## കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ

| തിയ്യതി | സമയം | കുടുംബകൂട്ടായ്മ | വസതി |
|---|---|---|---|
| 05-02-2023 | 3.00 pm | സെന്റ് ജോസഫ് | ഇടപ്പുള്ളി ചാക്കോ രാജു<br>(നെഹ്റു നഗർ, 9th അവന്യു, കുന്നംകുളം ) |
| 05-02-2023 | 4.30 pm | മേരിമാതാ | മുട്ടത്ത് കുരിയാക്കു ഫ്രാൻസീസ്<br>(ഇന്ദിര നഗർ, 1st അവന്യു, തൃശൂർ റോഡ് ) |
| 12-02-2023 | 3.00 pm | സെന്റ് ആന്റണീസ് | ചുങ്കത്ത് ഔസേപ്പ് ത്രേസ്യാമ്മ<br>(കക്കാട്) |
| 12-02-2023 | 4.30 pm | സെന്റ് തോമസ് | തറയിൽ റീത്ത ഫ്രാൻസീസ്<br>(ചിറളയം) |
| 19-12-2023 | 3.00 pm | സെന്റ് ജോർജ്ജ് | വടക്കേതലക്കൽ മരിയ ദാസ് അൽഫോൻസ്<br>(അടുപ്പുട്ടി സ്കൂളിന് സമീപം) |
| 19-12-2023 | 4.30 pm | സെന്റ് സേവ്യർ | വാഴപ്പിള്ളി റോസിലി ആന്റണി<br>(എം.സി. റോഡ്) |

## അഭിനന്ദനങ്ങൾ



രാഷ്ട്രപതിയുടെ
അതിവിശിഷ്ട മെഡൽ നേടിയ
കുന്നംകുളം ഫയർ & റസ്ക്യൂ സ്റ്റേഷനിലെ
അസിസ്റ്റന്റ് സേറ്റഷൻ ഓഫീസർ
കുന്നംകുളം
സെന്റ് സെബാസ്റ്റ്യൻസ് ഇടവകാംഗവും
സെന്റ് ആന്റണീസ് കുടുംബകൂട്ടായ്മ
അംഗവുമായ
**നീലങ്കാവിൽ ബെന്നി മാത്യുവിന്**

ഇടവകയുടേയും - ടച്ച് മീയുടേയും
**അഭിനന്ദനങ്ങൾ**

## ഓർമ്മിക്കേണ്ട ദിനങ്ങൾ

**ഫെബ്രുവരി**

| | | |
|---|---|---|
| 1 | ബുധൻ | മൂന്ന് നോമ്പ് |
| 2 | വ്യാഴം | മൂന്ന് നോമ്പ് കഴിഞ്ഞുള്ള വ്യാഴം<br>നമ്മുടെ കർത്താവിന്റെ ദേവാലയ പ്രവേശനം<br>(പ.ക. മറിയത്തിന്റെ ശുദ്ധീകരണത്തിനുനാൾ) |
| 3 | വെള്ളി | വി. എസ്തപ്പാനോസ് വേ.<br>മാസാദ്യവെള്ളി |
| 4 | ശനി | വി. ജോൺ ബ്രിട്ടോ<br>സെന്റ് മേരീസ് കപ്പേളയിൽ ലദ്ദീഞ്ഞ് നൊവേന 6.30 PM |
| 5 | ഞായർ | ദനഹാ അഞ്ചാം ഞായർ |
| 7 | ചൊവ്വ | കക്കാട് സെന്റ് ആന്റണീസ് കപ്പേളയിൽ ലദ്ദീഞ്ഞ് നൊവേന 6.30 PM |
| 10 | വെള്ളി | ഗ്രീക്ക് സഭാ പിതാക്കന്മാർ<br>സുറിയാനി സഭാ പിതാക്കന്മാർ<br>ഇടവക മധ്യസ്ഥന്റെ തിരുനാൾ |
| 11 | ശനി | ലൂർദ്ദ് മാതാവ് (രോഗീദിനം) |
| 12 | ഞായർ | ദനഹാ ആറാം ഞായർ |
| 17 | വെള്ളി | സകല മരിച്ചവരുടേയും ഓർമ്മ |
| 19 | ഞായർ | നോമ്പ് ഒന്നാം ഞായർ (ഇന്ന് പാതിരാ മുതൽ നോമ്പാരംഭം) |
| 23 | വ്യാഴം | വി. പൊലിക്കാർപ്പ് |
| 25 | ശനി | വാഴ്ത്തപ്പെട്ട സി. റാണി മരിയ |
| 26 | ഞായർ | നോമ്പ് രണ്ടാം ഞായർ |

**മാർച്ച്**

| | | |
|---|---|---|
| 3 | വെള്ളി | മാസാദ്യ വെള്ളി |
| 4 | ശനി | സെന്റ് മേരീസ് കപ്പേളയിൽ ലദ്ദീഞ്ഞ് നൊവേന 6.30 PM |
| 5 | ഞായർ | നോമ്പ് മൂന്നാം ഞായർ |



കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്

**വിഭൂതി തിരുനാൾ**

**2023 ഫെബ്രുവരി 20 തിങ്കൾ**

**വി. കുർബാന : രാവിലെ 6 മണിക്ക്**

**കടമുള്ള ദിവസം**

**വലിയനോമ്പ് ആരംഭം, ഉപവാസദിനം**




# ബൈബിളിലൂടെ

ഡേവി

ഇന്നത്തെപ്പോലെ മൈക്ക്സെറ്റും ആംപ്ലിഫയറും ഒന്നും ഇല്ലാത്ത അക്കാലത്ത് തുറസ്സായ സ്ഥലത്ത് യേശുവിന്റെ വചനങ്ങൾ ഇത്രയും വലിയ ഒരു ജനാവലിയിലേക്ക് എത്തിക്കുകയെന്നത് എത്രശ്രമകരമാണെന്ന് ആലോചിച്ചാൽ മനസ്സിലാക്കാം. ഇന്ന് 100 പേർ ഒന്നിച്ചു കൂടുന്നിടത്ത് മൈക്ക്സെറ്റ് വേണ്ടിവരും. ഏതാനും വർഷങ്ങൾക്കുമുമ്പ് വരെ നമ്മുടെ തെരുവീഥികളിലൂടെ ഉപദേശിമാർ വചനം പ്രഘോഷിച്ച് നടക്കുന്നത് കണ്ടിട്ടുണ്ട്. ഒരാൾ പറയുന്ന അതേ വചനങ്ങൾ തന്നെ കൂടെയുള്ള വേറൊരാൾ ഏറ്റുപറയും. ഈയൊരു പ്രക്രിയയിലൂടെയായിരിക്കണം യേശുവിന്റെ കാലത്തും യേശുവിന്റെ തിരുവചനങ്ങൾ ജനങ്ങളിലേക്കെത്തിച്ചിരുന്നതും എന്നു തോന്നുന്നു. യേശുവിന്റെ തിരുവചനങ്ങൾ ഈ വമ്പിച്ച ജനാവിലി മുഴുവനിലേക്കും എത്തുന്നുവരെ ഒരുപക്ഷേ ഈ പ്രക്രിയ തുടരുന്നുണ്ടായിരിക്കും.

രണ്ടാംതവണ അപ്പം വർദ്ധിപ്പിക്കുന്നതിന് മുമ്പ് യേശു ശിഷ്യരോട് പറയുന്നു “ഈ ജനക്കൂട്ടത്തോട് എനിക്ക് അനുകമ്പ തോന്നുന്നു. ഇവർ മൂന്നു ദിവസമായി എന്നോടുകൂടിയാണ്. ” (മർക്കോസ് 8:2) വിജനപ്രദേശങ്ങളിൽ യേശുവിനെ ശ്രവിക്കാനും അത്ഭുതങ്ങൾ കാണാനുമായി വൻ ജനാവലിയാണ് ദിവസങ്ങളോളം തങ്ങുന്നത്. സമൂഹത്തിന്റെ ഏറ്റവും താഴെ തട്ടിൽ നിന്നുവന്ന ഒരു വ്യക്തിക്ക് ജനങ്ങളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന ഈ സ്വാധീനം ഉന്നതകുലജാതരായ യഹൂദപ്രമാണികളേയും ഫരിസയരേയും അസ്വസ്ഥരാക്കി. ജനങ്ങൾക്ക് തങ്ങളോടുള്ള ആദരവിനും തങ്ങൾക്ക് ജനങ്ങൾക്കിടയിലുള്ള സ്ഥാനത്തിനും കോട്ടം തട്ടുമോ എന്നതുമായിരുന്നു അവരുടെ ഭയം. വാസ്തവത്തിൽ പ്രപഞ്ചസൃഷ്ടാവായ ദൈവം തന്നെയാണ് തങ്ങളുടെ മുമ്പിൽ മനുഷ്യാവതാരമെടുത്തു നിൽക്കുന്നത് എന്ന വിശ്വാസവും ബോധ്യവും അവർക്കുണ്ടായിരുന്നുവെങ്കിൽ ഒരുപക്ഷേ യേശുവിന്റെ അരികിലേക്ക് വരാൻപോലും അവർ ഭയപ്പെടുമായിരുന്നു. ശാസ്ത്രം ഇത്രയേറെ പുരോഗമിച്ച ഇക്കാലത്തുപോലും യേശു പ്രവർത്തിച്ച അത്ഭുത പ്രവർത്തികൾ നമ്മിൽ വിസ്മയം ജനിപ്പിക്കുന്നു. അപ്പോൾപിന്നെ രണ്ടായിരം വർഷങ്ങൾക്കുമുമ്പുള്ള കാര്യം പറയാനുണ്ടോ? അവരിലെ സ്വാർത്ഥ താല്പര്യങ്ങളും ഞാനെന്ന ഭാവവുമായിരുന്നു അവരെ ക്രിസ്തുവിനെ രക്ഷകനായി അംഗീകരിക്കുന്നതിന് വിഘാതമായി നിന്നത്.

*(തുടരും...)*

# പുസ്തക പരിചയം



സിസ്റ്റർ ഗീതി മരിയ

## "ദൈവദാസൻ കനിസീയൂസച്ചന്റെ ഡയറിക്കുറിപ്പുകൾ"

ഇന്ന് ഞാൻ നിങ്ങൾക്ക് പരിചയപ്പെടുത്തുന്ന പുസ്തകം "ദൈവദാസൻ, കനിസീയൂസച്ചന്റെ ഡയറിക്കുറിപ്പുകൾ" എന്നതാണ്. ഒരാളുടെ ഡയറിക്കുറിപ്പുകൾ ആ വ്യക്തിയുടെ ജീവിതഗതിയെ പരിചയപ്പെടുത്തിത്തരുന്നതാണ്. ദൈവദാസനായ കനിസീയൂസച്ചന്റെ ഡയറിക്കുറിപ്പുകൾ ഉണർവുകൾ തരുന്ന ആത്മീയ നെരിപ്പോടായി മാറുകയാണ്. ദൈവത്തോടൊപ്പം യാത്രചെയ്യുന്ന തീർത്ഥാടകന്റെ അനുഭവമാണ് ഇത് വായിക്കുന്ന വ്യക്തിയുണ്ടാവും. ദൈവേഷ്ടം അറിഞ്ഞ് അതുമാത്രം, അത് മുഴുവൻ ചെയ്തുതീർക്കുന്ന പ്രേഷ്ടശിഷ്യന്റെ വ്യഗ്രതയും ഉൾപ്രേരണയും നമുക്കിതിൽ കാണാനാകും.


സി.എം.ഐ. സഭയിൽ വ്യത്യസ്ത സേവനരംഗങ്ങളിൽ ജ്വലിച്ചുനിന്നിരുന്ന സഭാശുശ്രൂഷകനായിരുന്നു ദൈവദാസനായ കനീസിയൂസച്ചൻ, സെമിനാരി പ്രൊഫസർ, റെക്ടർ, പ്രൊവിൻഷ്യൽ, വികാരി ജനറൽ, പ്രിയോർ ജനറൽ, ആത്മീയ ഗുരുഭൂതൻ തുടങ്ങിയ ഔദ്യോഗിക ജോലികൾ ഏറ്റവും കൃത്യമായും ഉത്തരവാദിത്തത്തോടും കൂടിയും നിർവ്വഹിച്ചിട്ടുണ്ട്. ദൈവദാസനായ കനിസിയൂസച്ചന്റെ കൂടെ നമുക്കും ഒരു തീർത്ഥാടകനെപ്പോലെ യാത്രയ്ക്കൊരുങ്ങാം. ആത്മീയ ഉണർവു നേടി നമുക്കും പ്രബുദ്ധരാകാം.

"ദൈവേഷ്ടം അതുമാത്രം അതുമുഴുവൻ" എന്ന് ഉദീരണം ചെയ്ത കനീസിയൂസച്ചനെപ്പോലെ, വിശുദ്ധമായ ചിന്തകൾ പകർത്തിവെയ്ക്കുന്ന ഡയറിക്കുറിപ്പുകൾ നമ്മുടെ ജീവിതത്തിലും ഉണ്ടാകട്ടെയെന്നാശംസിക്കുന്നു. ഈ മൂന്നാം വാല്യം വായിച്ച് അറിവും ആത്മീയ വിശുദ്ധിയും നേടിയെടുക്കാം.

| | | |
|---|---|---|
| പുസ്തകത്തിന്റെ പേര് | : | ദൈവദാസൻ കീനിയൂസച്ചന്റെ ഡയറിക്കുറിപ്പുകൾ മൂന്നാം വാല്യം |
| വില | : | 200 രൂപ |
| പ്രസിദ്ധീകരണം | : | യൂണിയൻ പ്രസ്സ് മരിയാപൂരം |
| ഫോൺ | : | 9605015095 |


# അറിയിപ്പ്

**മാമ്മോദീസ, മനസമ്മതം, വിവാഹം.... Etc....**
എന്നിവ നടത്തിയതിന്റെ സർട്ടിഫിക്കറ്റുകൾ,
നടത്തിയ ദിവസമോ, അല്ലെങ്കിൽ അതിന്റെ ഏറ്റവും അടുത്ത ദിവസമോ
വികാരിയച്ചന്റെ കയ്യിൽ ഏൽപ്പിക്കേണ്ടതാണ്.



കെ.ജി. ബാബു
(ജന. കൺവീനർ)

# നന്ദി



തോംസൺ തച്ചിൽ
(ജോ. കൺവീനർ)

പ്രിയപ്പെട്ട ഇടവക ജനങ്ങളെ,

നമ്മുടെ ഇടവക മധ്യസ്ഥനും ധീര രക്തസാക്ഷിയുമായ വി. സെബസ്ത്യാനോസിന്റെയും പ. ദൈവമാതാവിന്റെയും വി. ഏവുപ്രാസ്യമ്മയുടേയും സംയുക്ത തിരുനാൾ 2023 ജനുവരി 14, 15, 16 (ശനി, ഞായർ, തിങ്കൾ) തിയതികളിൽ ഏറ്റവും ഭക്തിപൂർവം നാം കൊണ്ടാടി. ഒരുമയുടെയും സഹവർത്തിത്വത്തിന്റെയും 275 വർഷങ്ങൾ, 276-ാം തിരുനാൾ നടത്തുന്നതിനും നമുക്ക് വഴി കാട്ടിയായി. കഴിഞ്ഞ രണ്ട് വർഷങ്ങളിലെ കോവിഡ് മഹാമാരിയെ അതിജീവിച്ച് മുഴുവൻ ഇടവക ജനങ്ങളുടെയും സജീവ പങ്കാളിത്തത്തോടെ ഈ തിരുനാൾ അതിന്റെ എല്ലാ അർത്ഥത്തിലും ഭാവത്തിലും വിജയകരമായി നടത്തുവാൻ സഹകരിച്ച എല്ലാവരെയും നിറഞ്ഞ സ്നേഹത്തോടെ, നന്ദിയോടെ അഭിനന്ദിക്കുന്നു.

ഈ നാട്ടിലെ നാനാജാതി മതസ്ഥരുടെ ആശയും അഭയസ്ഥാനവുമായി കഴിഞ്ഞ 276 വർഷങ്ങൾ കൊണ്ട് നമ്മുടെ ഈ ദൈവാലയം മാറി എന്നതിന് ഉത്തമ ദൃഷ്ടാന്തമാണ്, ബഹുജന പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായ നമ്മുടെ തിരുനാൾ . നാനാജാതി മതസ്ഥരായ ജനങ്ങൾ ഈ തിരുനാളിൽ പങ്കെടുത്ത് സംതൃപ്തരായി മടങ്ങുന്നു.

2023 ജനുവരി 8-ാം തിയ്യതി രാവിലെ 6 മണിക്ക് നടന്ന ആഘോഷമായ പാട്ടുകുർബാനക്ക് ശേഷം ഇടവക വികാരി റവ. ഫാ. ദാവീദ് വിതയത്തിൽ ഇടവക ജനങ്ങളുടെ സാന്നിധ്യത്തിൽ കൊടിയുയർത്തിയതോടെ ഈ വർഷത്തെ തിരുനാളിന് തുടക്കമായി. രാവിലെ 9 മണിക്ക് റവ. ഫാ. ഫിഡെൽ തച്ചിൽ SDB യുടെ നേതൃത്വത്തിൽ വി. കുർബാനയും, പ്രസുദേന്തി വാഴ്ചയും ഉണ്ടായി. പ്രസുദേന്തി കമ്മിറ്റി കൺവീനർമാരായ ശ്രീമതി. ഫ്ളോറൻസ് ലോയ്ഡിന്റേയും, ശ്രീ. പോയിസ് ജേബിയുടേയും നേതൃത്വത്തിൽ നമ്മുടെ ഇടവകയിൽനിന്നും 101 പേർ പ്രസുദേന്തിമാരായി. പ്രസുദേന്തി വാഴ്ച ദീപപ്രഭയിൽ വേറിട്ട അനുഭവമായി. നമ്മുടെ ഇടവക വികാരി റവ. ഫാ. ദാവീദ് വിതയത്തിൽ സഹകാർമ്മികനായിരുന്നു. തുടർന്നുള്ള എല്ലാ ദിവസങ്ങളിലും  വൈകീട്ട് 6 മണിക്ക് നവനാൾ

കുർബ്ബാനയും ലദീഞ്ഞും നൊവേനയും നേർച്ച ഊട്ടും ഉണ്ടായിരുന്നു.

2023 ജനുവരി 13 വെള്ളിയാഴ്ച വൈകീട്ട് 5 മണിക്ക് ചിറളയം സെന്റ് മേരീസ് കപ്പേളയിൽ ലദീഞ്ഞും നൊവേനയും ഉണ്ടായിരുന്നു. വൈകീട്ട് 6 മണിയുടെ വി.കുർബാനക്ക് ശേഷം മറ്റം ഫൊറോന വികാരി വെരി. റവ. ഫാ. ഷാജു ഊക്കൻ ഭക്തജനങ്ങളെ സാക്ഷിയാക്കി തിരുനാളിനോടനുബന്ധിച്ച് ദീപാലങ്കാരങ്ങളുടെ സ്വിച്ച് ഓൺ കർമ്മം നിർവ്വഹിച്ചു. ലോകം മുഴുവൻ വൈദ്യുതാലങ്കാരങ്ങൾ നൂതനാശയങ്ങൾ കൊണ്ട് വിസ്മയം തീർക്കുമ്പോൾ നമ്മുടെ കൊച്ചുഇടവകയും ഈ തിരുനാളിന് തങ്ങൾക്കാവും വിധം ഭംഗിയായി തന്നെ ദീപാലങ്കാരങ്ങൾ ആവിഷ്ക്കരിച്ചു.

ജനുവരി 14 ശനിയാഴ്ച രാവിലെ വി. കുർബാനക്ക് ശേഷം കുടുംബകൂട്ടായ്മകളിലേക്ക് അമ്പ്, കിരീടം, തിരുശ്ശേഷിപ്പ് എന്നിവ വിതരണം ചെയ്തു. തുടർന്ന് രാവിലെ 8.30ന് കക്കാട് സെന്റ് ആന്റണീസ് കപ്പേളയിൽ ഇടവക ജനങ്ങളുടെ നിറസാന്നിദ്ധ്യത്തിൽ ലദ്ദീഞ്ഞും നൊവേനയും ഉണ്ടായിരുന്നു.

അന്നേ ദിവസം വൈകീട്ട് 9 മണി മുതൽ 10 മണി വരെ ഇടവകയിലെ ആറു കുടുംബകൂട്ടായ്മകളിലേയും അമ്പു സമാപനം മുത്തുകുടകളുടേയും ചെണ്ട, ബാന്റ് വാദ്യങ്ങളുടേയും തേരുകളുടേയും അകമ്പടിയോടെ വളരെ സമാധാനപരമായി, ഭക്തി സാന്ദ്രമായി നടന്നതിന് ധാരാളം ഇടവക ജനങ്ങളും യുവാക്കളും സാക്ഷിയായി. എല്ലാ കുടുംബകൂട്ടായ്മകളും സമയ കൃത്യതപാലിക്കുന്നതിൽ സഹകരിച്ചു. അമ്പു സമാപനത്തിന് ശേഷം നടന്ന സംയുക്ത ചെണ്ടമേളവും സംയുക്ത ശിങ്കാരിമേളവും എല്ലാവരേയും അക്ഷരാർത്ഥത്തിൽ അവേശഭരിതരാക്കി.

തിരുനാൾ കുർബാനയും നവനാൾ കുർബാനകളും പങ്കാളിത്തംകൊണ്ടും നല്ല സന്ദേശങ്ങൾ നൽകിയും സമ്പന്നമാക്കിയ എല്ലാ ബഹുമാനപ്പെട്ട വൈദികരേയും നന്ദിയോടെ സ്മരിക്കുന്നു. തിരുനാളിന് കുർബാനകൾ അർപ്പിച്ച ബഹുമാനപ്പെട്ട വൈദീകരായ റവ. ഫാ. ഫിഡെൽ തച്ചിൽ SDB, റവ. ഫാ. സജിൻ കണ്ണനായ്ക്കൽ, റവ. ഫാ രഞ്ജിത്ത് അത്താണിക്കൽ, റവ. ഫാ. സ്റ്റീഫൻ അറയ്ക്കൽ, റവ. ഫാ. സിജോ പുത്തൂർ, വെരി. റവ. ഫാ. ഷാജു ഊക്കൻ, റവ. ഫാ. റോജർ തരകൻ, റവ. ഫാ. പോൾ ആലപ്പാട്ട്, റവ. ഫാ. തോമസ് പൂപ്പാടി, റവ. ഫാ. ബിജു ജോസഫ് ആലപ്പാട്ട്, നമ്മുടെ ഇടവക വികാരി റവ. ഫാ. ദാവീദ് വിതയത്തിൽ എന്നിവർക്കും സ്നേഹത്തിന്റേയും നന്ദിയുടേയും നറുമലരുകൾ സമർപ്പിക്കുന്നു.

2023 ജനുവരി 15-ാം തിയതി ഞായറാഴ്ച രാവിലെ 10 മണിക്ക്

നടന്ന പ്രൌഢഗംഭീരമായ തിരുനാൾ കുർബാനക്ക്, മുഖ്യ കാർമ്മികത്വം വഹിച്ചത് തൃശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് റിസർച്ച് ഫെല്ലോ റവ. ഫാ. റോജർ തരൻ ആയിരുന്നു. വസ്തുനിഷ്ടവും കാലികവുമായ സന്ദേശം നല്കി കൊണ്ട് തൃശൂർ ജൂബിലിമിഷൻ മെഡിക്കൽ കോളേജ് അസി. ഡയറക്ടർ റവ. ഫാ. തോമസ് പൂപ്പാടി നമ്മോടൊപ്പം ഉണ്ടായിരുന്നു. നമ്മുടെ മുൻ വികാരി റവ. ഫാ. പോൾ ആലപ്പാട്ട് സഹകാർമ്മികനായിരുന്നു. അന്നേദിവസം വൈകീട്ട് 4.30ന് നമ്മുടെ മുൻ വികാരി റവ. ഫാ. ബിജു ജോസഫ് ആലപ്പാട്ടിന്റെ കാർമ്മികത്വത്തിൽ നടന്ന വി. കർബാനക്ക് ശേഷം ആബാലവൃദ്ധം ഭക്തജനങ്ങൾ അച്ചടക്കത്തോടെ അണി നിരന്ന ഭക്തിനിർഭരമായ തിരുനാൾ പ്രദക്ഷിണവും വേറിട്ടതായി. തിരുനാൾ പ്രദക്ഷിണശേഷം 7 മണിക്ക് ദൈവാലയ അങ്കണത്തിൽ ശ്രീ. രാജു ബി. ചുങ്കത്തിന്റേയും, ശ്രീ. വി.സി. ജോസിയുടേയും നേതൃത്വത്തിലുള്ള പ്രോഗ്രാം കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ മൂവാറ്റുപുഴ ഏയ്ഞ്ചൽ വോയ്സ് അവതരിപ്പിച്ച ഗാനമേള ഇടവക വികാരി ദാവീദച്ചന്റെ മനോഹര ഗാനത്തോടെ ആരംഭിച്ചു. മൈതാനം തിങ്ങി നിറഞ്ഞ സംഗീതാസ്വാദകർക്ക് എന്നെന്നും ഓർക്കാവുന്ന ഒരു സംഗീത വിരുന്നായി. രാജു ബി. ചുങ്കത്തിനും, വി.സി. ജോസിക്കും, കമ്മിറ്റിക്കും ഒരുപാട് അഭിനന്ദനങ്ങളും നന്ദിയും.

2023 ജനുവരി 16 ന് രാവിലെ 6 മണിക്ക് മരിച്ചവർക്കായുള്ള കുർബാനയും ഒപ്പീസും റവ. ഫാ. ദാവീദ് വിതയത്തലിന്റെ കാർമീകത്വത്തിൽ നടന്നു.

ജനുവരി 22-ാം തിയതി തിരുനാളിന്റെ എട്ടാമിടം ആചരിച്ചു. അന്ന് രാവിലെ 6 മണിക്ക് ഇടവക വികാരി റവ. ഫാ. ദാവീദ് വിതയത്തലിന്റെ നേതൃത്ത്വത്തിൽ നടന്ന വി. കുർബാന, ലെദ്ദീഞ്ഞ്, നൊവേനയോടെ 276-ാം തിരുനാളിന് കൊടിയിറങ്ങി.

ഇടവകയുടെ വലിപ്പമല്ല, ഇടവക ജനങ്ങളുടെ കൂട്ടായ്മയാണ് തിരുനാളിന്റെ വിജയത്തിന് അടിസ്ഥാനം. അതിന് ഉത്തമ ഉദാഹരണമായി നമ്മുടെ തിരുനാളിന്റെ ജനറൽ കമ്മിറ്റിയുടേയും വിവിധ കമ്മിറ്റിയുടേയും പ്രവർത്തനങ്ങൾ. ഒരോന്ന് മാറ്റിയെടുത്താലും ഒന്ന് ഒന്നിനൊന്ന് മെച്ചപ്പെട്ട പ്രവർത്തനമാണ് കാഴ്ചവെച്ചിരിക്കുന്നത്. അത്തന്നെയാണ് കൂട്ടായ്മയുടെ രസതന്ത്രം. രാജ്യം അതികഠിനമായ സാമ്പത്തിക ഞെരുക്കത്തിലൂടെയാണ് കടന്നുപോകുന്നതെന്നത് എല്ലാവർക്കും ബോധ്യമുള്ള കാര്യമാണ്. നമ്മുടെ ചെറിയ സംസ്ഥാനവും ഈ കൊച്ചു ദേവാലയവും അതിനപവാദമല്ല. എന്നിട്ടും ഈ തിരുനാൾ മനോഹരമാക്കുവാനും എല്ലാ അർത്ഥത്തിലും വിജയത്തിലെത്തിക്കുവാനും നമ്മൾക്ക് കഴിഞ്ഞു.

ശ്രീ. സി.ഒ. ബിജുവിന്റേയും, ശ്രീ. ലിയോൺ ജോർജ്ജിന്റേയും നേതൃത്വത്തിലുള്ള പബ്ലിസിറ്റി കമ്മിറ്റിക്കായിരുന്നു സപ്ലിമെന്റിന്റെ ചുമതല. പരിമിതികൾക്കുള്ളിൽ നിന്നു സപ്ലിമെന്റ് പൂർവ്വാധികം മനോഹരമാക്കുന്നതിനും തിരുനാളിന്റെ സന്ദേശം കുന്നംകുളത്തും പരിസര പ്രദേശങ്ങളിലും എത്തിക്കുന്നതിന് നമുക്ക് കഴിഞ്ഞത് സി.ഒ. ബിജുവിന്റേയും ലിയോൺ ജോർജ്ജിന്റേയും നേതൃത്വത്തിലുള്ള സപ്ലിമെന്റ് കമ്മിറ്റിയുടെ വിജയം തന്നെ. അതുപോലെ തന്നെ ശ്രീ. ജോപോൾ ആലപ്പാട്ട്, ശ്രീ. ജോൺസൺ പാവു എന്നിവരുടെ നേതൃത്വത്തിലുള്ള ഇലൂമിനേഷൻ കമ്മിറ്റി. എല്ലാവർഷവും പുതുമയുടെ പൂത്തിരികളുമായാണ് നമ്മുടെ ഇടവകയിൽ ദീപാലങ്കാരങ്ങൾ ഒരുക്കാറുള്ളത്. ആർഭാടമല്ല മനോഹാരിതയാണ് തന്റെ മുഖമുദ്ര. ഈ വർഷവും കയ്യൊതുക്കത്തോടെ അതു നിർവ്വഹിക്കുവാൻ ഇലൂമിനേഷൻ കമ്മിറ്റിക്കായി. എടുത്തു പറയേണ്ട മറ്റൊരു പ്രവർത്തനമാണ് നേർച്ച കമ്മിറ്റിയുടേത്. എല്ലാ വർഷവും എന്തെങ്കിലും പുതുമ കൊണ്ടുവരാൻ നേർച്ചക്കമ്മിറ്റിക്കായിട്ടുണ്ട്. ഈ വർഷം നമ്മൾ ആവിഷ്കരിച്ച നേർച്ച അത്തരത്തിൽ ഒന്നായിരുന്നു. അത് തയ്യാറാക്കുവാൻ വർഗ്ഗീസ് ആന്റണി, പി.ജെ. ജോൺപോൾ എന്നിവരുടെ നേതൃത്വത്തിലുള്ള നേർച്ച കമ്മിറ്റിക്കായിട്ടുണ്ട്. അമ്പ്-വള-കിരീടം എന്നിവ ഭക്തജനങ്ങൾ എടുത്തുവക്കുവാനുള്ള സൗകര്യവും ഒരുക്കിയത് നന്നായിരുന്നു.

നമ്മുടെ ദേവാലയത്തിന്റെ മുഖശോഭ വർദ്ധിപ്പിക്കുന്നതിൽ ശ്രീമതി. ജാൻസി ആന്റോ, ശ്രീമതി. മിനിപോൾ എന്നിവരുടെ നേതൃത്വത്തിലുള്ള അലങ്കാരകമ്മിറ്റി വിജയിച്ചു. ഒരു കുഞ്ഞുപൂവിൽ നിന്നും പൂന്തോട്ടം ഉണ്ടാക്കുന്ന ഭഗീരഥ പ്രയത്നത്തിൽ ഏർപ്പെട്ടവരാണ് അവർ. പരിമിതികൾക്കിടയിലും തളരാതെ ഊർജ്ജ്വസ്വലമായി പ്രവർത്തിച്ച അവരുടെ പ്രവർത്തനം ശ്ലാഘനീയം തന്നെ.

വെടിക്കെട്ട് എന്ന് പറയുമ്പോൾ ഭൂമിയും മാനവും വിറക്കുന്ന ചിന്തകളാണ് സാധാരണക്കാരുടെ മനസ്സിൽ പൊട്ടിവിരിയുക. എന്നാൽ വെടിക്കെട്ട് നടത്താതെ തന്നെ നമ്മുടെയെല്ലാം മനസ്സിൽ ഒരു കുളിർമഴപോൽ വർണ്ണരാജികൾ വിരിയിക്കാമെന്ന് വർണ്ണമഴ കൊണ്ട് ഉൾപുളകമേകാമെന്ന് കാട്ടിത്തരുന്നു ശ്രീ. ജിനോ ജോൺ, ശ്രീ. സി.എം. സാംസൻ എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മറ്റി.

ബഹുമാനപ്പെട്ട സിസ്റ്റർ സുപ്പീരിയർ റവ. സിസ്റ്റർ ആൻജോസ് സി.എം.സി.യുടെ നേതൃത്വത്തിലുള്ള ലിറ്റർജി കമ്മറ്റിയാണ് തിരുകർമ്മങ്ങൾക്കാവശ്യമായ ഒരുക്കങ്ങൾ മുഴുവനും നടത്തിയത്. കുറ്റമറ്റരീതിയിൽ തന്നെ സിസ്റ്റർക്കും സംഘത്തിനും ദേവാലയ ശുശ്രൂഷി വി.എ. ഉല്ലാസിന്റെ സഹായത്തോടെ നടത്തുവാൻ കഴി

ഞ്ഞു.

ഈ തിരുനാൾ കമ്മിറ്റിയുടെ വരവ് ചെലവ് കണക്കുകൾ മുഴുവനും കൈകാര്യം ചെയ്തിരുന്നത് ശ്രീ. സിജോ ജോസഫും, ശ്രീ. എം.ആർ. ആന്റോയും അടങ്ങുന്ന ഫിനാൻസ് കമ്മറ്റിയാണ്. തുടക്കം മുതൽ ഒടുക്കം വരെ കൃത്യതയോടെ അവർ അവരുടെ കടമ നിർവ്വഹിച്ചു എന്നതിൽ ചാരിതാർത്ഥ്യമുണ്ട്.

ശ്രീ. പി.ആർ. സജിയുടേയും, ശ്രീ. എം.കെ. ദേവസ്സിയുടേയും നേതൃത്വത്തിലുള്ള ഭക്ഷണ കമ്മിറ്റി സ്തുത്യർഹമായാണ് പ്രവർത്തിച്ചത്. തിരുനാളിനായി നമ്മുടെ ക്ഷണം സ്വീകരിച്ച് ഇവിടെ എത്തിച്ചേർന്ന മുഴുവൻ പേർക്കും അതുപോലെ തന്നെ വിവിധ ദിവസങ്ങളിൽ വിവിധ പ്രവർത്തനങ്ങൾക്കായി ഇവിടെ എത്തിച്ചേർന്നവരുടേയും ഭക്ഷണ പാനീയ ആവശ്യങ്ങൾ ഒരു പരാതിക്കിടയില്ലാതെ ശ്രീ. പി.ആർ. സജിയുടേയും, ശ്രീ. എം.കെ. ദേവസ്സിയുടേയും നേതൃത്വത്തിലുള്ള ഭക്ഷണ കമ്മിറ്റിക്ക് നിർവ്വഹിക്കാനായി എന്നത് എടുത്തു പറയേണ്ടതാണ്. മുൻ വർഷങ്ങളിൽനിന്നു വ്യത്യസ്തമായി തിരുനാളിനോടനുബന്ധിച്ച വിവിധ ദിവസങ്ങളിലെ മുഴുവൻ പ്രവർത്തനങ്ങളും കൃത്യതയോടെ സമയബന്ധിതമായും തീർക്കുവാൻ ശ്രീ. വി.ജെ. സുനിലിന്റേയും, ശ്രീ. എം.വി. ജോർജ്ജിന്റേയും നേതൃത്വത്തിലുള്ള വളണ്ടിയർ കമ്മിറ്റി നല്ല പ്രവർത്തനം തന്നെ നടത്തുകയുണ്ടായി.

എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിച്ച ഈ തിരുനാൾ വിജയത്തിന് മാറ്റുകൂട്ടിയ മറ്റു ഘടകങ്ങൾ കൂടി പരാമർശിക്കാതിരിക്കാനാവില്ല. നമ്മുടെ തിരുകർമ്മങ്ങളെ ആകർഷകമാക്കിയ ശ്രീ. സിജോ ജോസഫിന്റെ നേതൃത്വത്തിലുള്ള ഗായകസംഘം, നമ്മുടെ കോൺവെന്റിലെ ബഹുമാനപ്പെട്ട സിസ്റ്റർമാർ, അണ്ണാറക്കണ്ണനും തന്നാലായത് എന്നത്പോലെ തിരുനാളിന്റെ ആദ്യാവസാനം നമ്മോടൊത്തുനിന്ന അൾത്താര ബാലന്മാർ, വിശ്വാസപരിശീലന അധ്യാപകർ, തിരുനാൾ കർമ്മങ്ങളിൽ പങ്കുചേർന്ന ഭക്തജനങ്ങൾ, പരസ്യം തന്നു സഹായിച്ച വ്യക്തികൾ സ്ഥാപനങ്ങൾ, പോലീസ് ഉദ്യോഗസ്ഥർ, നമ്മുടെ തിരുനാൾ ജനങ്ങളിലേക്കെത്തിച്ച ദൃശ്യ-മാധ്യമ പ്രവർത്തകർ, കൈക്കാരന്മാരായഎൻ.ജെ. ജെയ്മോൻ, കെ.ജെ. ജെയ്സൺ, ജോസ്കിരൺ, പി.ആർ.ഒ. വി.സി. ജോസി, പ്രതിനിധിയോഗ അംഗങ്ങൾ, തിരുനാൾ കമ്മിറ്റി അംഗങ്ങൾ, സംഘടനാ ഭാരവാഹികൾ ഈ തിരുനാളിനെ വിജയത്തിലെത്തിക്കാൻ മാർഗനിർദ്ദേശങ്ങൾ നൽകിയ ബഹുമാനപ്പെട്ട വികാരി അച്ചൻ എല്ലാവർക്കും നന്ദി... നന്ദി... നന്ദി....

# 2023
# ഇടവക തിരുനാൾ




















3-ാം
ചരമവാർഷികം
24-02-2023

കുറ്റൂക്കാരൻ
ഈനാശു ഭാര്യ
റോസിലി ഈനാശു
തെക്കേപ്പുറം - കുന്നംകുളം

ദുഃഖസ്മരണകളോടെ : കുടുംബാംഗങ്ങൾ




HCCGUP SCHOOL CHERLAYAM

LKG, UKG, I മുതൽ VII വരെയുള്ള
ഇംഗ്ലീഷ് & മലയാളം മീഡിയം ക്ലാസുകളിലേയ്ക്ക്
അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു.

Contact No.: 9495 855 603

# അറ്റസ്റ്റേഷൻ

ഇതൊരു കഥയല്ല. കഴിഞ്ഞദിവസം എന്റെ ഓഫീസായ മക്കരപ്പറമ്പ് വെറ്ററിനറി ഡിസ്പെൻസറിയിൽ നടന്ന ഒരു ചെറിയ സംഭവം ഉള്ളു പൊള്ളിപ്പോയതുകൊണ്ട് എഴുതുന്നു.

തിങ്കളാഴ്ച നടക്കുന്ന മാസാന്ത്യ കോൺഫറൻസിനുള്ള റിപ്പോർട്ടുകൾ തയ്യാറാക്കുന്ന തിരക്കിലായിരുന്നു ഞാൻ. പുറത്തൊരു കാർ വന്നു നിന്നു. മാന്യമായി വേഷം ധരിച്ച ഒരാൾ ഇറങ്ങി വന്നു. ഏകദേശം 50 വയസ്സ് തോന്നിക്കും.കയ്യിലൊരു ചെറിയ ഫയലും.കണ്ടപ്പോഴേ മനസ്സിലായി. അറ്റസ്റ്റ് ചെയ്യിക്കാനുള്ള വരവാണ്.മര്യാദയോടെ അനുവാദം ചോദിച്ച് മുറിയിൽ കയറി മുമ്പിലെ കസേരയിൽ ഇരുന്നു.ആമുഖമായി പറഞ്ഞു,ഇന്ന് അവധി ആയതു കൊണ്ട് ഡോക്ടർ ഉണ്ടാവുമോ എന്ന് സംശയിച്ചു. തിരക്കിനിടയിൽ കയറി വന്നതിലുള്ള നീരസം ഉണ്ടായിരുന്നെങ്കിലും അത് പുറത്തു കാണിക്കാതെ ഞാൻ ചോദിച്ചു എന്താ കാര്യം?

അദ്ദേഹം പറഞ്ഞു,ഡോക്ടർ, രണ്ടു സർട്ടിഫിക്കറ്റ് അറ്റസ്റ്റ് ചെയ്യാനുണ്ടായിരുന്നു. ഒറിജിനലും കോപ്പിയും എടുക്കാൻ പറഞ്ഞു.സർട്ടിഫിക്കറ്റ് ഫയലിൽ നിന്ന് എടുത്തു തരുമ്പോൾ അദ്ദേഹം പറഞ്ഞു, എന്റെ മക്കളുടെ ഡെത് സർട്ടിഫിക്കറ്റ്, ആൺമക്കളുടെ .

മക്കൾക്ക് എന്തു പറ്റി? ചോദിക്കാനൊരു മടി.സർട്ടിഫിക്കറ്റ് നോക്കി. രണ്ട് ആൺകുട്ടികളുടെ മരണ സർട്ടിഫിക്കറ്റ് ആണ്. രണ്ടു പേരുടേയും ജനനതീയ്യതി ഒന്നു തന്നെ. 2010-ൽ. പക്ഷേ മരിച്ച തിയ്യതികളിൽ വ്യത്യാസമുണ്ട്. ഒരാൾ 2020-ൽ.. മറ്റേയാൾ 2022-ലും.രണ്ട് മരണങ്ങളും കുറച്ചു മാസം മുമ്പ്.അപ്പോഴും ഒന്നും ചോദിക്കാൻ തോന്നിയില്ല. രണ്ടു മക്കളെ നഷ്ടപ്പെട്ട ഒരു അച്ഛനാണ് മുമ്പിലിരിക്കുന്നത്. ആ മരണങ്ങളെക്കുറിച്ചുള്ള ഓർമ്മ പോലും അദ്ദേഹത്തിന് താങ്ങാൻ കഴിഞ്ഞെന്നു വരില്ല.അതിനിടയിൽ ചോദിക്കാതെ തന്നെ

കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്

**നോമ്പുകാല വാർഷിക ധ്യാനം**

**2023 മാർച്ച് 30, 31, ഏപ്രിൽ 1 തിയ്യതികളിൽ**

നയിക്കുന്നത്

**ഫാ. ജെയ്സൺ വടക്കൻ OFM. Cap.**

ചിലത് പറഞ്ഞു. എന്റെ ഓഫീസിൽ നിന്ന് 2 കിലോമീറ്റർ മാത്രം അകലെ വടക്കാങ്ങരയിലാണ് വീട്. പേര് രാമചന്ദ്രൻ. പറഞ്ഞു വന്നപ്പോൾ എന്റെ പിതാവിനെ അറിയാം. എന്റെ Grandfather കക്ഷിയെ പണ്ട് മങ്കട എൽ പി സ്കൂളിൽ പഠിപ്പിച്ചിട്ടുമുണ്ട്.പിന്നീടുള്ള സംഭാഷണത്തിൽ ആ പരിചയം കൊണ്ടുള്ള അടുപ്പം തോന്നിയതുകൊണ്ടാവാം, സ്വന്തം കഥ ചുരുക്കി പറഞ്ഞു.കോഴിക്കോട് റീജിയണൽ എഞ്ചിനീയറിങ്ങ് കോളേജിൽ (ഇന്നത്തെ NIT) നിന്ന് മികച്ച നിലയിൽ എഞ്ചിനീയറിങ്ങ് പാസ്സായി. കുറച്ചു കാലം കേരളത്തിൽ ജോലി ചെയ്തു. പിന്നെ അബുദാബിയിൽ ഓയിൽ കമ്പനിയിൽ നല്ല ഒരു ജോലി കിട്ടി. കല്യാണം കഴിഞ്ഞു. ഭാര്യ ഗൾഫിൽ ഒരു ഇന്ത്യൻ സ്കൂളിൽ ടീച്ചറായി ജോലി ചെയ്യുകയായിരുന്നു.ആദ്യം ഒരു മോളുണ്ടായി. മോള് സ്കൂളിൽ പോയിത്തുടങ്ങിയതിനു ശേഷമാണ് പിന്നീട് മക്കളുണ്ടാവുന്നത്. ആറു വർഷത്തിന് ശേഷം. അത് ഇരട്ടകളായിരുന്നു. 2 ആൺകുട്ടികൾ. പക്ഷേ, ജന്മനാ രണ്ടു പേരും മാനസിക വളർച്ചയില്ലാത്തവരായിരുന്നു. ഏകദേശം പൂജ്യം എന്നു തന്നെ പറയാം. ഒരാൾക്ക് എഴുന്നേറ്റ് നടക്കാനൊക്കെ കഴിയും. മറ്റേയാൾക്ക് അതു പോലും പറ്റില്ല. ബെഡിൽ ഒന്നു തിരിഞ്ഞു കിടക്കണമെങ്കിൽ പോലും പരസഹായം വേണം. രണ്ടു പേർക്കും സംസാരിക്കാനും കഴിയില്ല. ചില പ്രത്യേക ശബ്ദങ്ങൾ ഉണ്ടാക്കുമെന്ന് മാത്രം മക്കളെ നോക്കാനായി രണ്ടു പേരും ഗൾഫിലെ ജോലി ഉപേക്ഷിച്ചു. നാട്ടിൽ കുറച്ചു കൃഷിയുണ്ട്. പിന്നെ കെട്ടിടങ്ങളുടെ വാടക. അതു മതിയെന്ന് വെച്ചു.മകളെ നാട്ടിലെ സ്കൂളിൽ ചേർത്തു. മക്കളുടെ കൂടെ അവരുടെ അടുത്ത് നിന്ന് മാറാതെ ആ അച്ഛനും അമ്മയും ശുശ്രൂഷിച്ചു. എന്നിട്ടും പതിമൂന്നാം വയസ്സിൽ ഒരു മകൻ യാത്രയായി.രണ്ടു വർഷത്തിനു ശേഷം കിടപ്പിലായിരുന്ന മകനും പോയി. എനിയ്ക്കൊന്നും പറയാനുണ്ടായിരുന്നില്ല.സർട്ടിഫിക്കറ്റ് ഒപ്പിട്ട് തിരിച്ചു കൊടുത്തു.അത് തിരിച്ച് ഫയലിനുള്ളിൽ വെക്കുന്ന നേരത്ത് അയാൾ എന്നോട് ചോദിച്ചു, ഡോക്ടർക്കറിയോ, ഞാൻ ജീവിതത്തിൽ ഏറ്റവും സന്തോഷിച്ച നിമിഷം ഏതാണെന്ന്?”

ഞാൻ ഇല്ലെന്ന് തലയാട്ടി.

ഞാൻ എഞ്ചിനീയറിങ്ങ് മികച്ച നിലയിൽ പാസായപ്പോഴോ നല്ല ജോലി കിട്ടിയപ്പോഴോ എനിക്കൊരു മോളുണ്ടായപ്പോഴോ അല്ല പിന്നെ...??ഞാൻ ചോദ്യഭാവത്തിൽ നോക്കി. എന്റെ Bed-ridden ആയ മോൻ ഉണ്ടാക്കുന്ന ഒരു പ്രത്യേക ശബ്ദം എന്തിനു വേണ്ടിയായിരുന്നെന്ന് ഞാൻ തിരിച്ചറിഞ്ഞത് അവന് 10 വയസ്സ് പ്രായമായപ്പോഴാ

ണ്. അത് അവന് മൂത്രമൊഴിക്കാൻ വേണ്ടിയാണെന്ന് ഞാൻ തിരിച്ചറിഞ്ഞ നിമിഷമാണ് ഞാൻ ജീവിതത്തിൽ ഏറ്റവും സന്തോഷിച്ചത്. എനിയ്ക്കൊന്നും പറയാനുണ്ടായിരുന്നില്ല.ഒന്നു നിർത്തിയിട്ട് അദ്ദേഹം തുടർന്നു.എനിക്കൊരു സങ്കടവുമില്ല ഡോക്ടറേ. ദൈവം ലോകത്ത് ഏറ്റവും ക്ഷമയും സ്നേഹവുമുള്ള മാതാപിതാക്കൾക്കാണ് ഇത്തരം കുഞ്ഞുങ്ങളെ നൽകുന്നത്.എന്നാലും എന്റെ പൊന്നുമക്കളെ ഇത്രയും കാലം വളർത്താൻ ദൈവം ഞങ്ങളെയാണല്ലോ തെരഞ്ഞെടുത്തത്. എനിയ്ക്കതു മതി. ആ മനുഷ്യൻ എന്റെ മനസ്സിൽ ആകാശത്തോളം വലുതായി.ഞാൻ കടുകുമണിയോളം ചെറുതായി.ഒരു കുഴപ്പവുമില്ലാത്ത രണ്ടു മക്കളെ കിട്ടിയിട്ടും മക്കൾക്ക് പരീക്ഷയിൽ മാർക്ക് കുറഞ്ഞാൽ ദേഷ്യപ്പെടുന്ന, ടെൻഷനടിക്കുന്ന ഞാനെവിടെ.

മകന്റെ ഒരു ചെറു ശബ്ദം തിരിച്ചറിഞ്ഞതിൽ സന്തോഷവും ജീവിത സാഫല്യവും കണ്ടെത്തിയ ഈ മനുഷ്യനെവിടെ.മക്കളുടെ ചെറിയ ചെറിയ കുറവുകളിൽ എല്ലാം നഷ്ടപ്പെട്ടെന്ന് വിലപിക്കുന്ന മാതാപിതാക്കളെവിടെ.എല്ലാ കുറവുകളുമുള്ള മക്കളായിട്ടും അവരെ എല്ലാം തികഞ്ഞവരായി കണ്ട് ശുശ്രൂഷിച്ച ഇവരെവിടെ. മനസ്സുകൊണ്ടു ഞാൻ നമസ്കരിച്ചു.ഇനി എത്ര കടലുകൾ നീന്തിയാലാണ് എന്റെ മനസ്സും ഇതുപോലൊരു ശാന്തിതീരത്തെത്തുക.പോകാൻ നേരത്ത് പെട്ടെന്ന് തിരിഞ്ഞു നിന്ന് അദ്ദേഹം ചോദിച്ചു,അയ്യോ, സോറി ഡോക്ടർ, ഫീസ് എത്രയാണ്?"ഞാൻ ഒന്നും വേണ്ടെന്ന് കൈ കൊണ്ട് കാണിച്ചു.അല്ലെങ്കിലും വലിയൊരു ജീവിതസത്യം സ്വന്തം ജീവിതം കൊണ്ടെന്നെ പഠിപ്പിച്ച ഈ മനുഷ്യന് ഞാൻ എത്ര ഫീസ് കൊടുത്താലാണ് മതിയാവുക.മുഖത്ത് സങ്കടത്തിന്റെ ലാഞ്ചനപോലുമില്ലാതെ നടന്നു പോകുന്ന ആ മനുഷ്യനെനോക്കി നിന്നപ്പോൾ കാഴ്ച മങ്ങുന്നതു പോലെ തോന്നി.കണ്ണുകൾ നിറഞ്ഞിരിക്കുകയാണെന്ന് അപ്പോഴാണ് മനസ്സിലായത്.

*കടപ്പാട് : നവമാധ്യമങ്ങൾ*

## ഞങ്ങൾ ഒന്നായി



- ഈ ഇടവക ചിറമ്മൽ ജോൺസൺ + ലിറ്റി മകൻ ടിജോ ജോൺസൺ ബാംഗ്ലൂർ മതിക്കേരി ഇടവക തെക്കേക്കര പൊറോക്കാരൻ ബാബു + വിജി മകൾ ജിബിൽ റോസ്

# ഇടവക തിരുനാൾ

നമ്മുടെ ഇടവക ദേവാലയത്തിലെ വിശുദ്ധ സെബസ്ത്യാനോസിന്റേയും പരിശുദ്ധ കന്യകാമറിയത്തിന്റേയും വിശുദ്ധ ഏവുപ്രാസ്യമ്മയുടേയും 276-ാമത് സംയുക്ത തിരുനാൾ 2023 ജനുവരി 14, 15, 16 തിയ്യതികളിൽ ആഘോഷിച്ചു.

8-ാം തിയ്യതി ഞായറാഴ്ച രാവിലെ 6 മണിക്ക് വിശുദ്ധ കുർബാനക്ക് ശേഷം ഇടവക വികാരി റവ. ഫാ. ദാവീദ് വിതയത്തിൽ തിരുനാളിന് കൊടികയറ്റി. രാവിലെ 9 മണിയുടെ വിശുദ്ധ കുർബാനക്കും, പ്രസുദേന്തി വാഴ്ചക്കും റവ. ഫാ. ഫിഡെൽ തച്ചിൽ SDB കാർമ്മികത്വം വഹിച്ചു. നവനാൾ കുർബാനകൾക്കും, തിരുകർമ്മങ്ങൾക്കും, റവ. ഫാ. സജിൻ കണ്ണനായ്ക്കൽ, റവ. ഫാ. രഞ്ജിത്ത് അത്താണിക്കൽ CMI, റവ. ഫാ. സ്റ്റീഫൻ അറക്കൽ, റവ. ഫാ. സിജോ പുത്തൂർ, വെരി. റവ. ഫാ. ഷാജു ഊക്കൻ എന്നിവർ നേതൃത്വം നൽകി.

14-ാം തിയ്യതി ശനിയാഴ്ച രാവിലെ വിശുദ്ധ കുർബാനക്ക് ശേഷം, കുടുംബകൂട്ടായ്മകളിലേക്ക് അമ്പ്, കിരീടം, തിരുശേഷിപ്പ് വിതരണം ചെയ്തു. രാത്രി 10 മണിക്ക് അമ്പ് സമാപനത്തിന് ശേഷം സംയുക്ത മേളവും, വർണ്ണമഴയും ഉണ്ടായിരുന്നു.

15-ാം തിയ്യതി ഞായറാഴ്ച ആഘോഷമായ തിരുനാൾ പാട്ട് കുർബാനക്ക് തൃശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് റിസർച്ച് ഫെല്ലോ റവ. ഫാ. റോജർ തരകൻ മുഖ്യ കാർമ്മികനും, തൃശൂർ സെന്റ് ജോസഫ് പ്രീസ്റ്റ് ഹോം അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. പോൾ ആലപ്പാട്ട് സഹകാർമ്മികനും ആയി. തൃശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് അസിസ്റ്റന്റ് ഡയറക്ടർ റവ. ഫാ. തോമസ് പൂപ്പാടി തിരുനാൾ സന്ദേശം നൽകി. വൈകീട്ട് നടത്തിയ തിരുനാൾ പ്രദക്ഷിണത്തിനും, തിരുകർമ്മങ്ങൾക്കും റവ. ഫാ. ബിജു ജോസഫ് ആലപ്പാട്ട് കാർമ്മികത്വം വഹിച്ചു. തുടർന്ന് ദൈവാലയ അങ്കണത്തിൽ മൂവാറ്റുപുഴ ഏയ്ഞ്ചൽ വോയ്സിന്റെ ഗാനമേളയും ഉണ്ടായിരുന്നു.

തിരുനാൾ ആഘോഷങ്ങൾക്ക് ഇടവക വികാരി. റവ. ഫാ. ദാവീദ് വിതയത്തിൽ, കൈക്കാരന്മാരായ എൻ.ജെ. ജെയ്മോൻ, കെ.ജെ. ജെയ്സൺ, ജോസ് കിരൺ, തിരുനാൾ ജനറൽ കൺവീനർ കെ.ജി. ബാബു, ജോ. കൺവീനർ തോംസൺ തച്ചിൽ, കൺവീനർമാരായ സിജോ ജോസഫ്, സി.ഒ. ബിജു, രാജു ബി. ചുങ്കത്ത്, ഫ്ളോറൻസ് ലോയ്ഡ്, ജോപോൾ ആലപ്പാട്ട്, ജാൻസി ആന്റോ, പി. ആർ. സജി, ജിനോ ജോൺ, വി.ജെ. സുനിൽ, സിസ്റ്റർ ആൻജോസ് CMC, പി.ആർ.ഒ. വി.സി. ജോസി എന്നിവർ നേതൃത്വം നൽകി.


ചിൽഡ്രൻസ് കോർണർ



# നിറം കൊടുക്കാമോ

**ഈ ചിത്രത്തിന് നിറം കൊടുത്ത് പേരും,ക്ലാസ്സും, യൂണിറ്റും, ഫോൺ നമ്പറും എഴുതി ടച്ച്മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പ് നിക്ഷേപിക്കുക**

(ഈ മത്സരം 7-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ................................................................ ക്ലാസ്സ് : .....................

കുടുംബകൂട്ടായ്മ : ........................................ ഫോൺ നമ്പർ :..................................

**കഴിഞ്ഞ ലക്കം നിറം കൊടുക്കാമോ വിജയി**

Amal Joe Alappat, STD : II , Mary Matha Kudumba Koottayma

ചിൽഡ്രൻസ് കോർണർ

# ചിത്രശാല

ചിത്രരചന ലളിതമായി... ഘട്ടംഘട്ടമായി...



ചിൽഡ്രൻസ് കോർണർ

# അടിക്കുറിപ്പ് മത്സരം

**ഈ ചിത്രത്തിന് അടിക്കുറിപ്പെഴുതി പേരും, ക്ലാസ്സും, യൂണിറ്റും ഫോൺ നമ്പറും എഴുതി ടച്ച് മീ ബോക്സിൽ 15–ാം തിയ്യതിക്ക് മുമ്പായി നിക്ഷേപിക്കുക**

(ഈ മത്സരം 7–ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : .............................................................................................. ക്ലാസ്സ് : .....................

കുടുംബകൂട്ടായ്മ: ............................................. ഫോൺ നമ്പർ :.................................

# വചന കലണ്ടർ

## 2023 ഫെബ്രുവരി FEBRUARY

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | **1**<br>ജോയേ 2:15 – 19<br>യോനാ 3:1 – 10<br>റോമാ 9:19 – 29<br>മത്താ 6:1 – 4 | **2**<br>ലേവ്യ 12:1 – 8<br>ഏശ 42:1 – 7<br>റോമാ 9:30 – 10:4<br>ലൂക്കാ 2:22 – 38 | **3**<br>1 രാജാ 21:1 – 21<br>ശ്ലീഹ 7:54 – 60<br>2 കോറി 4:8 – 18<br>മത്താ 23:34 – 39 | **4**<br>1 കോറി 9:19 – 23<br>യോഹ 15:18 – 25 |
| **5**<br>നിയ 18:13 – 18<br>ഏശ 48:12 – 20<br>ഹെബ്രാ 6:9 – 15<br>യോഹ 3:14 – 21 | **6**<br>ഗലാ 3:21 – 25<br>യോഹ 5:41 – 47 | **7**<br>1 യോഹ 3:18 – 24<br>മർക്കോ 3:7 – 12 | **8**<br>കൊളോ 2:6 – 10<br>മത്താ 12:15b – 21 | **9**<br>എഫേ 6:10 – 17<br>മർക്കോ 9:33 – 37 | **10**<br>1 സാമു 22:11 – 21<br>ശ്ലീഹ 22:22b – 29<br>2 തിമോ 2:8 – 13<br>മത്താ 5:1 – 12 | **11**<br>1 കോറി 3:10 – 17<br>ലൂക്കാ 11:14 – 23 |
| **12**<br>നിയ 24:14 – 22<br>ഏശ 63:7 – 16<br>ഹെബ്രാ 8:1 – 16<br>യോഹ 3:22 – 31 | **13**<br>1 യോഹ 5:6 – 12<br>മർക്കോ 3:13 – 19 | **14**<br>1 യോഹ 1:5 – 10<br>യോഹ 9:35 – 39 | **15**<br>റോമ 14:1 – 6<br>യോഹ 8:31 – 38 | **16**<br>കൊളോ 1:21 – 23<br>ലൂക്കാ 13:10 – 17 | **17**<br>എസെ 37:1 – 14<br>പ്രഭാ 44:1 – 15<br>1 കോറി 15:39 – 49<br>മത്താ 25:31 – 40 | **18**<br>1 കോറി 15:50 – 57<br>മത്താ 23:1 – 12 |
| **19**<br>പുറ 34:27 – 35<br>ഏശ 58:1 – 10<br>എഫേ 4:17 – 24<br>മത്താ 4:1 – 11 | **20**<br>ഉത്പ 1:1 – 19<br>ജോഷ്വ 1:1 – 15<br>റോമ 1:16 – 25<br>മത്താ 5:17 – 26 | **21**<br>ഉത്പ 1:20 – 2:7<br>ജോഷ്വ 1:16 – 18<br>റോമ 2:1 – 6<br>മത്താ 5:38 – 42 | **22**<br>ഉത്പ 2:18 – 25<br>ജോഷ്വ 2:8 – 24<br>റോമാ 2:12 – 24<br>മത്താ 6:5 – 8 | **23**<br>പുറ 3:1 – 6<br>ദാനി 3:19 – 26<br>2 കോറി 6:3 – 10<br>ലൂക്കാ 11:43 – 52 | **24**<br>ഉത്പ 4:1 – 16<br>ജോഷ്വ 3:14 – 4:9<br>റോമാ 4:13 – 25<br>മത്താ 7:1 – 6 | **25**<br>ഉത്പ 22:1 – 13<br>2 മക്ക 7:1 – 11<br>2 കോറി 4:7 – 15<br>മത്താ 10:16 – 25 |
| **26**<br>ഉത്പ 5:19 – 31<br>ജോഷ്വ 4:15 – 24<br>റോമാ 6:15 – 23<br>മത്താ 7:21 – 27 | **27**<br>തീത്തോ 3:1 – 7<br>മർക്കോ 7:14 – 23 | **28**<br>റോമാ 8:18 – 25<br>മത്താ 7:7 – 12 | **1**<br>ജോയേ 2:15 – 19<br>യോനാ 3:1 – 10<br>റോമാ 9:19 – 29<br>മത്താ 6:1 – 4 | **2**<br>ലേവ്യ 12:1 – 8<br>ഏശ 42:1 – 7<br>റോമാ 9:30 – 10:4<br>ലൂക്കാ 2:22 – 38 | **3**<br>1 രാജാ 21:1 – 21<br>ശ്ലീഹ 7:54 – 60<br>2 കോറി 4:8 – 18<br>മത്താ 23:34 – 39 | **4**<br>1 കോറി 9:19 – 23<br>യോഹ 15:18 – 25 |






**Tijo Johnson**
S/o. Mrs. Litty Johnson &
(Late) Mr. C.T. Johnson
Chiramal House
South Bazar, Kunnamkulam

**Jibil Rose**
D/o. Mrs. Viji Babu &
Mr. P.K. Babu
Thekkekara Parokkaran House
Thumboor

Sharing Happiness : Liji Russel, Russel Thomas, Ryan Russel & Riona Russel




T.T.DEVASSY JEWELLERY

SINCE 1941

KUNNAMKULAM

CALICUT ROAD, MOB: 94969 16000

www.ttdevassyjewllery.com ttdevassy



Published by : Chief Editor, Touchme, Kunnamkulam - for Private Circulation only
Printed at : Nirmala Hiprint Pvt. Ltd. Thrissur - Layout : Mcube Graphics KKM